# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാളികാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## മലപ്പുറം-676505

# ഇ-മെയിൽ: dompm.ksad@kerala.gov.in

# ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 6/2133/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 6/2133/2024 തീയ്യതി: 16/11/2024

# മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-07-2023 മുതൽ 24-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ.കെ, കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-09-2024 | 04-10-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2024 | 04-10-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സന്തോഷ് .പി.ടി(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. സുജാത. എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ഹുസ്ന. വി.സി (ഓഡിറ്റർ)
ശ്രീ. ജാസിം. എൻ. വി (ഓഡിറ്റർ)

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോപി താളിക്കുഴി | പ്രസിഡന്റ് | 01-04-2023 | 30-06-2023 |
| ശ്രീ. മൂസ നീലേങ്ങാടൻ | പ്രസിഡന്റ് | 01-07-2023 | 09-08-2023 |
| ശ്രീമതി. ഷിജിമോൾ. പി | പ്രസിഡന്റ് | 10-08-2023 | 31-03-2024 |
| ശ്രീമതി. ഗീത പി | സെക്രട്ടറി | 01-04-2023 | 30-04-2023 |
| ശ്രീ. ശിവാനന്ദൻ സി | സെക്രട്ടറി | 01-05-2023 | 14-07-2023 |

| | | | |
|---|---|---|---|
| ശ്രീ. ബിനു. കെ. സി | സെക്രട്ടറി | 15-07-2023 | 01-01-2024 |
| ശ്രീ. ശിവാനന്ദൻ സി | സെക്രട്ടറി | 02-01-2024 | 15-01-2024 |
| ശ്രീ. ബിനു. കെ. സി | സെക്രട്ടറി | 16-01-2024 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശിവാനന്ദൻ. സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. അക്ഷയ് സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 06-06-2023 |
| ശ്രീമതി. ജംഷീറ. സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-06-2023 | 22-08-2023 |
| ശ്രീ. രാജേഷ്. ടി.എം | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 23-08-2023 | 23-01-2024 |
| ശ്രീമതി. ഗ്രീഷ്മ. ജി. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-01-2024 | 31-03-2024 |
| ശ്രീമതി. ലനീഷ. എം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. മുഹമ്മദ് നജീബ്. പി.യു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. മനോജ് കുര്യാകോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 19-08-2023 |
| ഡോ. കാസിം. യു.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-08-2023 | 31-03-2024 |
| ഡോ. മിനു മംഗളാനന്ദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. ലീന കേശവൻ നായർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. മൈമൂന. കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. റസിയ. സി.എച്ച് | ഹെഡ്മാസ്റ്റർ | 01-04-2023 | 18-08-2023 |
| ശ്രീ. ബാബു ഫ്രാൻസിസ് | ഹെഡ്മാസ്റ്റർ | 19-08-2023 | 31-03-2024 |
| ശ്രീ. നൗഫൽ. പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷബീബ്. എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 26-09-2023 |
| ശ്രീ. നൗഫൽ. പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇൻ ചാർജ്) | 27-09-2023 | 15-10-2023 |
| ശ്രീ. ജിഷ്ണു ഉദയൻ. വി. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-10-2023 | 24-11-2023 |
| ശ്രീ. നൗഫൽ. പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇൻ ചാർജ്) | 25-11-2023 | 27-11-2023 |
| ശ്രീ. ഷബീബ്. എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-11-2023 | 31-03-2024 |
| ശ്രീമതി. നസീമ. കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അബ്ദുൽ കാസിം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക -തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Directly Debited By Bank ഇനത്തിലെ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":പ്രവർത്തനാവലോകനം | 1-11 |
| 16 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണയിക്കുന്നില്ല | 1-12 |
| 17 | പഠന യാത്ര - രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 18 | പൊതു ടാപ്പുകളുടെ വെള്ളക്കരം-അപാകതകൾ | 1-14 |
| 19 | ബാസ്ക്കറ്റുകൾ ലഭ്യമാക്കൽ- വിതരണം ചെയ്തിട്ടില്ല. | 1-15 |

| | | |
|---|---|---|
| 20 | ജാഗ്രതാ സമിതി ശാക്തീകരണം-അപാകതകള്‍ | 1-16 |
| 21 | വിനിയോഗസാക്ഷ്യപത്രങ്ങള്‍ ഹാജരാക്കേണ്ടതാണ്. | 1-17 |
| 22 | എസ്.എസ്.കെ.വിഹിതം നല്‍കല്‍ - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 23 | ഹയര്‍ സെക്കന്ററി പത്താംതരം തുല്യത തുടര്‍സാക്ഷരത- പഠിതാക്കളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 24 | പരിരക്ഷാ പദ്ധതി - അപാകതകള്‍ | 1-20 |
| 25 | വൃക്ക രോഗികള്‍ക്കുള്ള മരുന്നുകള്‍ ലഭ്യമായില്ല | 1-21 |
| 26 | സബ് സെന്ററുകളിലേക്ക് ലാപ് ടോപ്പുകള്‍ ലഭ്യമായില്ല. | 1-22 |
| 27 | സ്ട്രീറ്റ് ലൈറ്റ് പരിപാലനം - വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 28 | അസി. എഞ്ചിനീയര്‍ രജിസ്റ്ററുകള്‍  സൂക്ഷിക്കുന്നതിലെ അപാകതകള്‍ | 1-24 |
| 29 | ഇ ടെണ്ടര്‍ ഫീ ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കിയില്ല | 1-25 |
| 30 | അസി. എഞ്ചിനീയറുടെ അക്കൗണ്ടില്‍ പണം ചെലവഴിക്കാതെ സൂക്ഷിക്കുന്നു. | 1-26 |
| 31 | സര്‍ക്കാര്‍ നിര്‍ദ്ദേശം പാലിക്കാതെ ഫര്‍ണീച്ചര്‍/സാധന സാമഗ്രികള്‍ വാങ്ങി | 1-27 |
| 32 | പൊതുമരാമത്ത് പ്രവൃത്തികള്‍ -അവലോകനം | 1-28 |
| 33 | അസി. എഞ്ചിനീയറുടെ ഓഫീസ് നവീകരണം-അപാകതകള്‍ | 1-29 |
| 34 | വനിതകള്‍ക്ക് മെന്‍സ്ട്രല്‍ കപ്പ് വിതരണം- അപാകതകള്‍ | 1-30 |
| 35 | നാപ്കിന്‍ ഡിസ്ട്രോയര്‍ നാളിതുവരെ സ്ഥാപിച്ചിട്ടില്ല, മറ്റ് അപാകതകള്‍ | 1-31 |
| 36 | വയോജനങ്ങള്‍ക്ക് കട്ടില്‍- പദ്ധതി നിര്‍വ്വഹണത്തിലെ അപാകത | 1-32 |
| 37 | സ്മാര്‍ട്ട് അംഗന്‍വാടി - അപാകതകള്‍ | 1-33 |
| 38 | വയോ ടാലന്റ് ഡേ-അപാകതകള്‍ | 1-34 |
| 39 | വയോജനങ്ങള്‍ക്ക് ഉല്ലാസയാത്ര -അപാകതകള്‍ | 1-35 |
| 40 | അനുപൂരക പോഷകാഹാര വിതരണം- അപാകതകള്‍ | 1-36 |
| 41 | അംഗനവാടികള്‍ക്ക് ഫര്‍ണ്ണിച്ചര്‍ വിതരണം-അപാകതകള്‍ | 1-37 |
| 42 | ഭിന്നശേഷി വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ്-അധിക തുക അനുവദിച്ചു | 1-38 |

| | | |
|---|---|---|
| 43 | ബാല സൗഹൃദ വായനശാല-പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 1-39 |
| 44 | അംഗൻവാടികൾക്ക് ചുമർ ചിത്രങ്ങൾ - അപാകതകൾ | 1-40 |
| 45 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയില്ല | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ബാല സൗഹൃദ വായനശാല-പുസ്തകം ലഭ്യമാക്കാതെ തുക നൽകി 9457 രൂപ നഷ്ടം | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടു ഫോറങ്ങളും ഭരണസമിതിയുടെ 13.06.2024 തീയതിയിലെ 02(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 03.07.20 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങ ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് ര സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഇ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളു ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷി ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികക വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷി ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കു സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണ വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തില അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമാ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടി എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കു കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2023- വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തി ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകു**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പു**

മലപ്പുറം
തീയതി : 16/11/2024

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62 പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊ സമർപ്പിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/30.09.24)അനുപാതങ്ങളും താരത തുകകളും രേഖപ്പെടുത്തേണ്ട പ്രൊഫോർമ അക്കൗണ്ട്സ് മാനുവലിൽ നാളിതുവരെ പ്രസീദ്ധീകരിച്ചിട്ടില്ല, ആയ പ്രസിദ്ധീകരിക്കുന്ന മുറക്ക് വരും വർഷങ്ങളിൽ അപാകത പരിഹിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക -തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (70849271/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരി നീക്കിയിരിപ്പും (-5857412/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത ഐ കെ എം -ന് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും പരിഹരിക്കുന്ന മുറക്ക് അപാകത പരിഹരിക്കുന്നതാണെന്ന് ഓഡ എൻക്വയറിക്ക് (09/30.09.24)മറുപടി ലഭ്യമാക്കി.

## 1-1-3 Directly Debited By Bank ഇനത്തിലെ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം കനറാ ബാങ്ക് കാളികാവ് (അക്കൗണ്ട് നമ്പർ 4692101004809) Directly Debi By Bank ഇനത്തിൽ ചുവടെ ചേർത്ത തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| തിയതി | തുക | തിയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 08.04.2022 | 934 | 09.06.2022 | 127 |
| 04.05.2022 | 9 | 27.06.2022 | 85 |
| 12.05.2022 | 44 | 27.09.2022 | 1260 |
| 31.05.2022 | 60 | | |

മേൽ അപാകത മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതാണെന്നും തുക ക്രമീകരിക്കുന്നതി നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (09/30.09.24) മറുപടി ലഭ്യമാക്കി. തുക ക്രമീകരിച്ച് വിവ ലഭ്യമാക്കേണ്ടതാണ്.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡി എൻക്വയറിക്ക് (09/30.09.24)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ആയതിന്റെ മൂല രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ലയെന്നും രജിസറ്റർ ഫോർമാറ്റ് പുതുക്കി ലഭ്യമാകുന്ന മുറക്ക് ആസ്തി മൂല കൂടി രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 1(1)/17.03.2023 | 1(1)/07.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 72726071 |
| വരവ് | 159220051 |
| ആകെ | 231946122 |
| ചെലവ് | 165077463 |
| നീക്കിയിരിപ്പ് | 66868659 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഇ
പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷ
പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവ
ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 28210631 | 28210631 | 25771541 | 2439090 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7775915 | 7775915 | 7750619 | 25296 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 109584 | 109584 | 91846 | 17738 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 11824650 | 11824650 | 7887149 | 3937501 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 9888000 | 9888000 | 7239837 | 2648163 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3993500 | 3993500 | 4830181 | -836681 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5325000 | 5325000 | 3020772 | 2304228 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | (₹) | | (₹) | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 348 | 310925097 | 171 | 198764059 | 135 | 42 | 49.1 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1297590 | 1297590 | 1297590 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 35992776 | 35992776 | 35992776 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1680000 | 142 |
| വിധവാപെൻഷൻ | 16332400 | 1521 |
| വാർദ്ധക്യകാലപെൻഷൻ | 24576400 | 2389 |
| വികലാംഗപെൻഷൻ | 5951900 | 542 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 768000 | 72 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2024 ന് 11 ന് മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2751/- രൂപയു ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു
1 ആസ്തി രജിസ്റ്ററുകൾ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തി വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭര സമിതിക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാ പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വ ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.
2 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന ധർമ്മം നിർവ്വഹിക്കുന്നില്ല.
3 മെഡിക്കൽ ഓഫീസർ സി എച്ച്സി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4 മെഡിക്കൽ ഓഫീസർ (സിഎച്ച്സി) കാഷ്ബുക്കിൽ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തി വിശദംശങ്ങ രേഖപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ്.
5. ഐസിഡിഎസ് സൂപ്പർവൈസർ ഫയലുകൾ ക്രമീകരിച്ച് ആവശ്യമായ എല്ലാ രേഖകളും സഹി സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6.ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.
7. ട്രേഡ്ലിന്റെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.
8. സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 01.10.2022 മുതൽ 31.10.2022 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2012 | 2007-08 മുതൽ 20011-12 വരെ | 17.12.2012 |

# 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":പ്രവർത്തനാവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ കാളികാവ് ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

## 1)അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | | 35,210 |
| 2)ആകെ വാർഡുകളുടെ എണ്ണം | | 19 |
| വാർഡ് നമ്പർ | ആൾ താമസമുള്ള വീടുകളുടെ എണ്ണം | പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 682 | 43 |
| 2 | 657 | 61 |
| 3 | 602 | 23 |
| 4 | 598 | 59 |
| 5 | 688 | 3 |
| 6 | 558 | 91 |
| 7 | 600 | 254 |
| 8 | 580 | 33 |
| 9 | 536 | 9 |
| 10 | 435 | 19 |
| 11 | 732 | 17 |
| 12 | 592 | 8 |
| 13 | 556 | 30 |
| 14 | 605 | 18 |

| | | |
|---|---|---|
| 15 | 621 | 8 |
| 16 | 584 | 20 |
| 17 | 693 | 8 |
| 18 | 712 | 11 |
| 19 | 674 | 7 |
| ആകെ | 11705 | 722 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 29 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ഉണ്ട് |

**2)മാലിന്യ ശേഖരണ കാര്യക്ഷമത**

ഗ്രാമപഞ്ചായത്തിലെ 14 ാം വാർഡിൽ സ്വന്തം കെട്ടിടത്തിലാണ് എം സി എഫ് സ്ഥിതിചെയ്യുന്നത്. മാലി ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണ നടത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേന യൂസ ഫീ രസീതി നിർബന്ധമാക്കിയിട്ടുള്ളതിലൂടെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും മാലിന്യനിർമ്മാർജനത്തി പങ്കാളികളാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം പ്രവർത്തനസജ്ജമാക്കിയിട്ടു മാലിന്യ ശേഖരണത്തിനായി വീടുകൾക്കും സ്ഥാപനത്തിനും ബാസ്ക്കറ്റുകൾ നൽകുന്ന പദ്ധതി 2023-24, 2024- സാമ്പത്തിക വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷം ബാസ്ക്കറ്റുക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2024-25 വർഷത്തെ പ്രൊജക്റ്റ് പ്രകാരമുള്ളതും കൂടി ഉൾപ്പെടുത്തി എല്ലാവർക്കും ഒരുമി വിതരണം ചെയ്യുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്.

ഉപഭോക്താക്കളിൽ നിന്നും യൂസർഫീ കളക്റ്റ് ചെയ്യുന്നതിന് രശീതികൾ നൽകുകയും രശീതി ബുക്കുകൾക്കാ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

**3)മാലിന്യ വേർതിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും വേർതിരിച്ച് ക്രമീകരിക്കാതെ എം സി എഫിൽ എത്തിച്ചതി ശേഷം ക്രമീകരിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഉറവിടത്തിൽ നിന്നും മാലിന വേർതിരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ശുദ്ധി സൊലൂഷൻസ് എന്ന സ്ഥാപനത്തിനാണ് റിജക്റ്റ വേസ്റ്റ് കൈമാറുന്നത്.

**4)റീസൈക്ലിഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളി (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ ,ജല സ്രോതസ്സുക എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം)നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തി സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ബോധവല്ക്കര നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവല്ക്കരണം, 19 വാർഡുകളിലും മഴക്കാ പൂർവ്വ സുചീകരണം എന്നിവ നടത്തിയിട്ടുണ്ട്.

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും, ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിന റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്ന ആകെ 5760 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 10000-15000 രൂപ പ്രതിമാസം വേതനയിനത്തിൽ ഓരേ ഹരിതകർമ്മസോംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

**7)അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ 1 MCF ആണ് ഗ്രമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത നിലവിൽ വാടക വാഹനമാണ് ഉപയോഗിക്കുന്നത്. സ്വന്തമായി വാഹനം വാങ്ങുന്നതിന് പ്രൊജക്ട തയ്യാറാക്കിയിട്ടുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

മാലിന്യം പൊതു ഇടങ്ങളിൽ തള്ളുന്നതായ പരാതികളൊന്നും ഇത് വരെ ലഭ്യമായിട്ടില്ല. നിരോധിത പ്ലാസ്റ്റിക ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് സമയാസമയങ്ങളിൽ നോട്ടീസ് നൽകി വരുന്നുണ്ട്.

**9)പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാന തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിതമിത്രം ആപ്പ് ഉപയോഗ സംബന്ധിച്ചുള്ള പരിശീലനം,ബെയ്‌ലിംഗ് മെഷീൻ പ്രവർത്തന പരിശീലനം എന്നിവ നൽകിയിട്ടുണ്ട്.

**10)നിയമങ്ങൾ പാലിക്കൽ**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതിനാ ബൈലോ രൂപീകരിച്ചിട്ടുണ്ട്.

**11)ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലേയ്ക്ക് 29 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. 1-2 മാസം കൂടുമ്പോ പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂ എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)**

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)MCF/RRF (സ്ഥിരം / താത്കാലികം) എണ്ണം | 1 MCF (1സ്വന്തം കെട്ടിടം)<br>RRF ഇല്ല |
| 2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? | ബെയ് ലിങ് - 1<br>ഷ്രഡിങ് – 1 |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | വാർഡ് 14 |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | നിലവിൽ പ്രവർത്തന രഹിതമാണ്. |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ട്രിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,,ശുചിമുറി തുടങ്ങിയവ | ഉണ്ട്<br>120 Sqm |
| 6)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| | |

| | |
|---|---|
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ? | നിലവിൽ ഇല്ല |

**2)മാലിന്യ കൈമാറ്റ കാര്യക്ഷമത**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി MCFലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | 1600 KG അജൈവം |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഉണ്ട്. |
| 2)ആകെ വിസ്തൃതി | 120Sqm |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 മാസം |

**4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | Types- HM,PP-1, PP-2, BB, MILK COVER, LD-1,LD-2, REJECT, SCRAP, GLASS WASTE,IRON, TIN, CARDBOARD Etc.. എന്നിങ്ങനെ |

| | |
|---|---|
| | തരം തിരിച്ചിട്ടാണ് മാലിന്യം വേർതിരിക്കുന്നത്. |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് Fire Extinguisher, Mask ,Glouse, Uniforms, മറ്റ് അവശ്യവസ്തുക്കൾ എന്നിവ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

**<u>5)ശുചിത്വമാനദണ്ഡങ്ങൾ</u>**

എം.സി.എഫും പരിസരവും ആഴ്ചയിലൊരിക്കൽ ക്ലീനിംഗ് നടത്തുന്നുണ്ട്.

**<u>6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>**

വാർഡുകളിൽ നിന്നും ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. മാലിന്യം എം.സി.എഫിൽ നിറയുമ്പോൾ ബന്ധപ്പെ കമ്പനികൾക്ക് നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ശുദ്ധി സൊലൂഷൻസ് നിലമ്പൂർ എ കമ്പനിയാണ് റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. (7 രൂപ/കിലോഗ്രാം)

**<u>മറ്റു വിവരങ്ങൾ</u>**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കാളികാവ് സർവ്വീ സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ-Kl10020050024367). 31.03.2024 ന് 523274 രൂ നീക്കിയിരിപ്പുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയ ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | ഇല്ല | ഹരിത കർമ്മസേന ശമ്പളം | 1794109 |

| | | | |
|---|---|---|---|
| മുൻബാക്കി | 176261 | | |
| യൂസർഫീ | 1942770 | പർച്ചേഴ്സ് | - |
| സ്ക്രാപ്പ് വിൽപ്പന | 193352 | മറ്റ് ചെലവ് | - |
| ക്ലീൻ കേരള | | | |
| മറ്റു വരവുകൾ (പലിശ) | 5000 | നീക്കിയിരിപ്പ് | 523274 |
| ആകെ | 2317383 | | 2317383 |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്ത ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | റിജക്റ്റ്സ് കയറ്റി അയക്കലും വാഹന വാടക അനുവദിക്കലും 204/24 | ധനകാര്യ കമ്മീഷൻ അവാർഡ് | 1004268 | 976905 |
| 2 | മാലിന്യ മുക്ത കേരളം ക്യാമ്പയിൻ ഊർജ്ജിത പ്രവർത്തനങ്ങൾ 415/24 | കേന്ദ്രാവിഷ്കൃത ഫണ്ട് | 50000 | 10040 |
| 3 | ഗാർഹിക തലത്തിൽ മാലിന്യം തരം തിരിച്ച് സൂക്ഷിക്കാനുള്ള ബാസ്ക്കറ്റുകൾ ലഭ്യമാക്കൽ 417/24 | കേന്ദ്രാവിഷ്കൃത ഫണ്ട് | 996191 | 996191 |
| 4 | ആശ്രയ അതി ദരിദ്ര്യ കുടുംബങ്ങൾക്ക് | തനത് ഫണ്ട് | 50000 | 6600 |

| | | | | |
|---|---|---|---|---|
| | യൂസർഫീ ഇളവ് നൽകൽ 418/24 | | | |
| 5 | ഹരിതകർമ്മ സേനക്ക് സുരക്ഷാ ഉപകരണങ്ങൾ 420/24 | കേന്ദ്രാവിഷ്കൃത ഫണ്ട് | 75000 | 53963 |
| 6 | റിജക്റ്റ്സ് കയറ്റി അയക്കലും വാഹന വാടക അനുവദിക്കലും-രണ്ടാം ഘട്ടം 455/24 | വികസന ഫണ്ട് ജനറൽ, തനത് ഫണ്ട്, വികസന ഫണ്ട് സി എഫ് സി ടൈഡ് | 1300000 | 389545 |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണ്.
1.എന്നാൽ എം.സി.എഫിന് ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവ നിലവിൽ പ്രവർത്തന രഹിതമാ ആയത് എത്രയും പെട്ടെന്ന് കേടുപാടുകൾ തീർത്ത് പ്രവർത്തനയോഗ്യമാക്കേണ്ടതുണ്ട്.
2.മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയു പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്ക്കരണം നടത്തുകയ ചെയ്യേണ്ടതായിട്ടുണ്ട്.

## 1-12 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണയിക്കുന്നി

തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ 2023 - 24 വർഷത്തെ തൊഴിൽ നികു ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചു. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികു കാര്യക്ഷമമായി ഡിമാന്റ് ചെയ്യുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാ ചെയ്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പാരമെഡിക്കൽ സ്ഥാപന രജിസ്റ്ററിലെ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|

| | | ക്രമ നമ്പർ / പേജ് നം. | |
|---|---|---|---|
| 1 | അഭിലാഷ് മെഡിക്കൽസ് | 02/ 08 | 4 |
| 2 | പി എ കെ ഡെന്റൽ ക്ലിനിക് | 08/ 09 | 3 |
| 3 | ഹിമ ഫിസിയോതെറാപ്പി സെന്റർ | 09 / 09 | 2 |
| 4 | ഫാമിലി ഡെന്റൽ കെയർ | 10/ 09 | 3 |
| 5 | അൽ സലാമ ഹോസ്പിറ്റൽ, കാളികാവ് | 11/ 09 | 5 |
| 6 | ഷാഫി ഫാമിലി ക്ലിനിക്, വെഞ്ഞോടംപടി | 14/10 | 13 |
| 7 | ഭാരത് മെഡിക്കൽ സെന്റർ, പള്ളിശ്ശേരി | 19/11 | 5 |

2. പഞ്ചായത്ത് പരിധിയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | FACTEOS ലൈസൻസ് രജിസ്റ്ററിലെ ക്രമ നം/പേജ് നം |
|---|---|---|
| 1 | ഫീനിക്സ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് | 432/50 |
| 2 | ഫീനിക്സ് കോളേജ് | 433/50 |

1994ലെ കേരള പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവ നിർണയിക്കപ്പെട്ട നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. മേ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/04.10.2024 **ന്** മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും 1994ലെ കേ പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് തനത് വരുമാ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഠന യാത്ര - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ജന പ്രതിനിധികൾ , നിർവ്വഹണ ഉദ്യോഗസ്ഥർ , ജീവനക്കാർ എന്നിവർക്ക് ഇടുക്കി ജില്ലയി മൂന്നാർ, രാമക്കൽമേട് , വാഗമൺ എന്നിവിടങ്ങളിൽ പഠനയാത്ര നടത്തുന്നതിന് മുൻകൂർ (KILA മുളങ്കുന്നത്തുകാവി നിന്ന് )ആയി ലഭിച്ച 250000/- രൂപ വൗച്ചർ നമ്പർ 22300941/07.03.2024 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

1).ഗ്രാമ പഞ്ചായത്തിലെ ജന പ്രതിനിധികൾ , നിർവ്വഹണ ഉദ്യോഗസ്ഥർ , ജീവനക്കാർ എന്നിവർ സംസ്ഥാനത്തിനകത്ത് പഠനയാത്ര നടത്തുന്നതിന് മുൻകൂർ അനുവദിക്കുന്നത് സംബന്ധിച്ച പൊതുമാനദണ്ഡങ്ങ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2) പഠന യാത്രയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ , യാത്ര പോകുന്ന സ്ഥലങ്ങളിൽ നിന്ന് ലഭിക്കാൻ സാധ്യതയുള്ള മാതൃകക അറിവുകൾ , സ്ഥിതി വിവര കണക്കുകൾ തുടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ ആയതിന്റെ പകർ ലഭ്യമാക്കേണ്ടതാണ്.

3) . പഠന യാത്രക്ക് ശേഷം തയ്യാറാക്കിയ യാത്ര പോയ ജില്ലയിലെ തദ്ദേശ സ്ഥാപന സംവിധാനങ്ങളിൽ നിന്ന് ലഭ്യമാ മാതൃകകൾ, അറിവുകൾ , സ്ഥിതി വിവര കണക്കുകൾ എന്നിവയിൽ നിന്ന് കാളികാവ് ഗ്രാമ പഞ്ചായത്തി സ്വീകരിക്കാവുന്ന വിശദമായ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

4). പഠന യാത്രയിൽ നിന്ന് ലഭ്യമായ അറിവുകൾ, മാതൃകകൾ ഗ്രാമ പഞ്ചായത്തിൽ എപ്രകാരം നടപ്പാക്കി നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

5) യാത്രയുടെ ആകെ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| Bus Rent | 77500/- |
| Hotel Rent For Stay | 80000/- |
| Jeep Rent | 14000/- |
| Refreshment | 120400/- |
| Total | 291900/- |

| | | |
|---|---|---|
| Jeep Trucking To Vattavada | Sangeeth Brothers Vattavada 40x200 | 8000/- |

| | | |
|---|---|---|
| Jeep Trucking To Ramakkalmed | Crowd Hill Resort Ramakkalmed 40x150 | 600/- |
| Stay & Refreshment | Crowd Hill Resort Ramakkalmed<br>BreakFast 200x40- 8000<br>Lunch 500x40=20000<br>Dinner 700x40=28000<br>Stay 900x40=36000<br>Tea Snacks 100x40=4000 | 96000/- |
| Stay & Refreshment | Green Ridge Munnar<br>2 BreakFast 600x40- 24000<br>Lunch 400x40=16000<br>Dinner 450x40=18000<br>Stay 1100x40=44000<br>Tea Snacks 60x40=2400 | 104400/- |
| Bus Rent | Cherupushpam Travels Nilambur | 77500/- |

മുകളിൽ പരാമർശിച്ച ചെലവിനായുള്ള ക്യാഷ് ബില്ലുകൾ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലുകൾ ആണ്.
വിശദീകരണം / രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/03.10.2024) താഴെ ചേർത
പ്രകാരം മറുപടി സമർപ്പിച്ചു
ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ മുഖേന ലഭ്യമായ വിവരം അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡ കിലയിലേക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പഠന യാത്രക്ക് അനുമതി നൽകിയതും പഠ യാത്രയോടനുബന്ധിച്ച് അഡ്വാൻസ് തുക നൽകിയിട്ടുള്ളതും . തുടർന്ന് 07.03.2024 ആരംഭിച്ച് 11.03.2024 തിരിച്ചെത്തിയ പഠന യാത്രക്ക് ശേഷം ചെലവ് വിവരങ്ങളും റിപ്പോർട്ടും, വൌച്ചറുകളും, വിനിയോ സാക്ഷ്യപത്രവും കിലയ്ക്ക് സമർപ്പിക്കുകയും 291900/- രൂപയുടെ ചെലവ് കില അംഗീകരിക്കുകയും ബാക തുകയായ 41900/- രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു. പഠന യാത്രയിൽ കാളികാവ് ഗ്ര പഞ്ചായത്തിന് മാതൃകയാക്കാൻ സാധിക്കുന്നതായി കണ്ടത് മൂന്നാർ ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനയു പ്രവർത്തനങ്ങളാണ്. മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ നിലവാരത്തിലേക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങ ഉയർത്തുന്നതിന്റെ ആദ്യ പടിയായി ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടിക ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷ പരിശോധിച്ച് ഇന്റർവ്യൂ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. മാലിന്യത്തി നിന്നും വളം ഉൽപ്പാദിപ്പിക്കുന്നതും, മാലിന്യങ്ങൾ വേർ തിരിച്ച് Waste Segregation, Treatment And Recycle Project ഉം മൂന്ന

ഗ്രാമ പഞ്ചായത്തിന്റെ അനുകരണീയ മാതൃകകളാണ്. പഠന യാത്രക്ക് മുമ്പ് തന്നെ 2024-25 വർഷത്തെ പദ്ധ അന്തിമമാക്കിയതിനാൽ പഠന മാതൃക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളി ഫണ്ട് ലഭ്യതക്ക് അനുസരിച്ച് മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ നിലവാരത്തിലേക്ക് കാളികാവ് ഗ്രാമ പഞ്ചായത്തിന് മാലിന്യ സംസ്കരണ സംവിധാനം ഉയർത്തുന്നതിന് വേണ്ട നടപടികൾ ഉണ്ടാവുന്നതാണെന്നുള്ള വിവ സമർപ്പിക്കുന്നു. ഹോട്ടൽ ബിൽ, ഭക്ഷണത്തിന്റെ ബില്ല്, ജീപ്പ് ട്രക്കിംഗ് ബിൽ, ബസ് വാടക എന്നീ ഇനങ്ങളിലാ ചെലവ് വന്നിട്ടുള്ളത്. ആയതിനുള്ള ബില്ലുകൾ ജി.എസ്.ടി ബില്ലുകളല്ല. ജി.എസ്.ടി ബില്ലുകൾ വാങ്ങുന്നതിൽ വ അശ്രദ്ധ മാപ്പാക്കണമെന്നും ബില്ലുകളിൽ തുക അനുവദിക്കുമ്പോൾ തുടർന്ന് ശ്രദ്ധിക്കുന്നതാണെന്ന ബോധിപ്പിക്കുന്നു.

ക്രമ നമ്പർ 1,2.3 എന്നീ രേഖകൾ ഹാജരാക്കിയില്ല. മേൽ യാത്രയിൽ ഹരിത കർമ്മ സേനാംഗങ്ങ പങ്കെടുപ്പിക്കുകയും ചെയ്തിട്ടില്ല. പഠന യാത്രയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ , യാത്ര പോകുന്ന സ്ഥലങ്ങളിൽ നിന്ന് ലഭിക്കാ സാധ്യതയുള്ള മാതൃകകൾ , അറിവുകൾ , സ്ഥിതി വിവര കണക്കുകൾ എന്നിവ സംബന്ധിച്ച് ആസൂത്രണ നടത്താതെയാണ് യാത്ര നടത്തിയതെന്നും പഠന യാത്രയിൽ നിന്ന് ലഭ്യമായ അറിവുകൾ, മാതൃകകൾ ഗ്ര പഞ്ചായത്തിൽ എപ്രകാരം നടപ്പാക്കാം എന്നത് സംബന്ധിച്ചും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും വ്യക്തമാ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 പൊതു ടാപ്പുകളുടെ വെള്ളക്കരം-അപാകതകൾ

KWA Street Taps ന്റെ വെള്ളക്കരം ഇനത്തിൽ 2023-24 വർഷത്തിൽ എല്ലാ മാസവും 8493/- രൂപ വീതം അടവാക്കിയിട്ടു (8493x12 = 101916/-). വാട്ടർ അതോറിറ്റി നൽകുന്ന (7 കണക്ഷനുകളുടേതായി) ഡിമാന്റ് നോട്ടീസിലെ തു അടവാക്കുകയാണ് ചെയ്യുന്നത്. വാട്ടർ മീറ്റർ റീഡിംഗ് അനുസരിച്ചല്ല തുക നൽകുന്നത്. Street Taps സംബന്ധിച്ച രജിസ്റ്റ സൂക്ഷിക്കുന്നുണ്ടങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനും മേൽ കണക്ഷനുകളിൽ വാട്ടർ മീറ്റർ പ്രവർത്ത ക്ഷമമല്ലാത്തതിനാലാണോ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരമുള്ള തുക നൽകുന്നതെന്ന വിവരവും വാട്ട അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21/03.10.2024 ന് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

2023-24 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 8493/- രൂപയാണ് അടവാക്കിയിരുന്നത്. 21.11.20 തിയ്യതിയിലെ 15/1നമ്പർ തീരുമാന പ്രകാരം 30.12.2023 ൽ കേരള വാട്ടർ അതോറിറ്റി , മലപ്പുറം , അസി. എക്സിക്യൂട്ടീ എഞ്ചിനീയർക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04.03.2024 ന് നടത്തിയ പരിശോധനയി വെള്ളക്കരം അടവാക്കി വരുന്ന 7 കണക്ഷനുകളിൽ 3 ടാപ്പുകൾ മാത്രമാണ് നിലവിൽ ഉള്ളതെന്ന് കണ്ടെത്തുകയ ആവശ്യമില്ലാത്ത 4 എണ്ണം ഒഴിവാക്കി 3 കണക്ഷനുകളുടെ തുകയായി 2024 ഏപ്രിൽ മുതൽ ഓരോ മാസവും 364 രൂപയാണ് അടവാക്കുന്നതെന്നും അറിയിച്ചു. എന്നാൽ പ്രസ്തുത ടാപ്പുകൾക്ക് നിലവിൽ വാട്ടർ മീറ്റ സ്ഥാപിച്ചിട്ടില്ലെന്നും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക (3640/- ) അടവാക്കുകയാണെന്നും വാട്ടർ മീറ്റ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

യഥാസമയം സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തന ക്ഷമമല്ലാത്ത/ ഉപയോഗിക്കാത്ത

ടാപ്പുകൾക്കായി വാട്ടർ അതോറിറ്റി ഡിമാന്റ് പ്രകാരം തുക അടവാക്കുക വഴി പഞ്ചായത്തിന് ഈ ഇനത്തിൽ ഓരേ മാസവും (4853/- രൂപ) അധിക ചെലവ് വന്നിട്ടുണ്ട്. കൂടാതെ വാട്ടർ മീറ്റർ സ്ഥാപിക്കാത്തതിനാൽ ഉപയോഗിക്കുന്ന ടാപ്പുകൾക്കായി അടവാക്കുന്ന തുകയുടെയും കൃത്യത ഉറപ്പില്ല. വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക തുരിതപ്പെടുത്തേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 ബാസ്ക്കറ്റുകൾ ലഭ്യമാക്കൽ- വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | ഗാർഹിക തലത്തിൽ മാലിന്യം തരം തിരിച്ച് സൂക്ഷിക്കനുള്ള ബാസ്ക്കറ്റുകൾ ലഭ്യമാക്കൽ (417/24) |
| അടങ്കൽ | 996191 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 996191 |
| ബിൽ നമ്പർ | 223001000/26.03.2024 |
| നിർവ്വഹണം | വി ഇ ഒ |

മേൽ പ്രൊജക്റ്റ് പ്രകാരം വീടുകളിൽ അജൈവ മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിന് ബാസ്ക്കറ്റുകൾ സജ്ജ ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (188.5 രൂപ) കാസ്കോ കോഴിക്കോട് എ സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ബാസ്ക്കറ്റുകൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ<br>(ഇ വേ ബിൽ നമ്പർ) | എണ്ണം |
|---|---|
| 591624865765/14.03.2024 | 3600 |
| 501625442982/15.03.2024 | 1685 |
| ആകെ | 5285 |

എന്നാൽ മേൽ ബാസ്ക്കറ്റുകൾ നാളിതുവരെയായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ആയതി വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/03.09.2024) ബാസ്ക്കറ്റുകളു വിതരണോദ്ഘടനം കഴിഞ്ഞ ദിവസം തന്നെ തെരെഞ്ഞെടുപ്പ് വിജ്ഞാപനം പ്രഖ്യാപിച്ചതിനാൽ വിതര

നടപടികൾ തുടരാൻ സാധിച്ചില്ലയെന്നും 13.06.2024 ലെ 1ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഒ വാർഡിലെയും 278 വീടുകൾക്ക് മാത്രമാണ് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയ വിവേചനപരമാകും എന്നുള്ളതിനാൽ നിലവിൽ വിതരണം ചെയ്യേണ്ടതില്ല എന്നും 24-25 വർഷം അവശേഷിക്കു വീടുകൾക്കാവശ്യമായ തുക വകയിരുത്തി ബാസ്ക്കറ്റുകൾ വാങ്ങി മുഴുവൻ വീടുകൾക്കും ഒരുമിച്ച് വിതരണ ചെയ്യാൻ മതിയെന്നും തീരുമാനിക്കുകയും നിലവിൽ ബാക്കിയുള്ളത് വാങ്ങുന്നതിനുള്ള ടെണ്ടർനടപടിക സ്വീകരിച്ചുവരുന്നതായും അറിയിച്ചു. നിലവിൽ ലഭ്യമായ 5285 എണ്ണം ഹരിതകർമ്മ സേനക്ക് കൈമാറിയിട്ടുണ്ടെന്ന അറിയിച്ചു. ബാസ്ക്കറ്റുകൾ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 996191/- രൂപ ഓഡിറ്റി തടസ്സം ചെയ്യുന്നു.

## 1-16 ജാഗ്രതാ സമിതി ശാക്തീകരണം-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | ജാഗ്രതാ സമിതി ശാക്തീകരണം (244/24) |
| അടങ്കൽ | 100000/- പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 23151352031001539733/25.03.2024 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

നിയമ ബോധവൽക്കരണ ക്ലാസ്, പരാതിപ്പെട്ടി സ്ഥാപിക്കൽ, രേഖാ പുസ്തകങ്ങൾ വിതരണം ചെയ്യൽ, വാർഡ് ത ജാഗ്രതാ അംഗങ്ങൾക്ക് പരിശീലനം നൽകൽ എന്നിവയാണ് പ്രൊജക്റ്റ് കൊണ്ട് ലക്ഷ്യം വെക്കുന്നത്.

പ്രൊജക്റ്റ് നടത്തിപ്പിന്റെ ഭാഗമായുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പർചേയ്സ് ചെയ്ത സ്ഥാപനം | ഇൻവോയ്സ് നമ്പർ/തുക | പർചേസ് ചെയ്ത ഇനം /എണ്ണം | കുറിപ്പ്/അപാകത |
|---|---|---|---|
| എസ്& എസ് എക്യുപ്മെന്റ് അരീക്കോട് (ക്വട്ടേഷൻ മുഖേന) | 4/18.03.2024/54757 | പരാതിപ്പെട്ടി-19 എണ്ണം<br>നെയിം ബോർഡ്-1 | 1. പരാതിപ്പെട്ടികൾ സ്റ്റോക്കിലെടുത്ത് 19 അംഗനവാടികളിക്ക് വിതരണം ചെയ്തതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഇൻവോയ്സ് വിശദാംശങ്ങൾ, ഏത് വർഷത്തെ പ്രൊജക്റ്റ് |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം ലഭ്യമായത് തുടങ്ങിയ വിവരങ്ങളൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ 33 അംഗനവാടികളിൽ 19 അംഗനവാടികളെ പരാതിപ്പെട്ടി വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.<br>2. നെയിം ബോർഡ് സ്റ്റോക്കിലെടുത്തിട്ടില്ല. കൂടാതെ അത് എവിടെ സ്ഥാപിച്ചു എന്നോ ആർക്ക് കൈമാറി എന്നതിന്റെയോ വിശദാംശങ്ങൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ വാങ്ങലിന്റെ കൃത്യത ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. |
| | മദീന ബുക്ക് സ്റ്റാൾ<br>കാളികാവ് | 802/22.03.2024/12400 | ഡിജിറ്റൽ സീൽ-20 എണ്ണം(8000 രൂപ)<br>ലോങ്ങ് ബുക്ക് -20(3000 രൂപ)<br>സ്റ്റേഷനറി-1000രൂപ<br>എ4- 1 (200 രൂപ) | 1. ഇൻവോയ്സ് പ്രകാരം വാങ്ങിയ ഇനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുക്കുകയോ ആർക്ക് വിതരണം ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ വാങ്ങലിന്റെ കൃത്യത ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.<br>2. ഇൻവോയ്സ് പ്രകാരം ആകെ തുക 12200/- രൂപ, സൂപ്പർവൈസർ പാസ്സ്ഡ് |

| | | | |
|---|---|---|---|
| | | | ഫോർ പെയ്മെന്റ് എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ തുക 12000/- രൂപ, എന്നാൽ പ്രൊജക്റ്റ് ബില്ല് പ്രകാരം ഗുണഭോക്താവിന് നൽകിയ തുക **12400/- രൂപ.** സ്ഥാപനത്തിന് അർഹതയുള്ളതിലും 400 രൂപ കൂടുതൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് പാലിച്ചിട്ടില്ല. |
| ഫ്രണ്ട്സ് ജനകീയ ഹോട്ടൽ | 633/23.03.2024/32843 | ഭക്ഷണ വിതരണം തുക 32843 രൂപ | 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/03.10.2024) മറുപ ലഭ്യമാക്കിയിട്ടില്ല. അധിക തുക തിരികെ ഈടാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണ ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 1,00,000 തടസ്സം ചെയ്യുന്നു.

## 1-17 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർനമ്പർ/BRN/ തീയതി | പ്രൊജക്ട് | തുക | ഏജൻസി |
|---|---|---|---|---|
| 1 | 23151352001900988448/28.12.2023-53111/-<br>23151352000001901522045/24.03.2024-68974/- | 206/24 - മരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 122085/-(വി ഫ.ജ) | KSEB |
| 2 | XVFC/2023-24/P/54/17.02.2024-74163/- | 258/24 കുഴൽ കിണർ നിർമ്മാണത്തിന് GWD ക്ക് ഡപ്പോസിറ്റ് നൽകൽ | 74163 /-CFC | GWD |
| | | | 196248/- | |

സെക്രട്ടറി നടപ്പിലാക്കിയ മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/03.10.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകര വിവരം / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 196248/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 എസ്.എസ്.കെ.വിഹിതം നൽകൽ - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1).പ്രൊജക്റ്റ് നം. 178/24

എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ -ജനറൽ

വിനിയോഗിച്ച തുക – 4,00,000 രൂപ (പ്ളാൻ -ജനറൽ )

BRN – 23151352032700254713/27.06.2023 – 4,00,000 രൂപ

2).പ്രൊജക്റ്റ് നം. 205/24

എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ -എസ്.സി

വിനിയോഗിച്ച തുക – 4,00,000 രൂപ (എസ്.സി.പി )

BRN – 23151352032700254715/27.06.2023 – 4,00,000 രൂപ

2023-24 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മുകളിൽ പരാമർശിച്ച പദ്ധതികൾ പ്രകാരം 8,00,000 രൂ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് . പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/20 ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തു എസ്.എസ്.കെ. പ്രൊജക്കുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രൊജക്കിന്റെ കർ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടിക എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ സ്ക്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്ര പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 8,00,000 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി 18/03.10.2024 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-19 ഹയർ സെക്കന്ററി പത്താംതരം തുല്യത തുടർസാക്ഷരത- പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഹെഡ്മാസ്റ്റർ നിർവ്വഹ**ണം നടത്തിയ** ഹയർ സെക്കന്ററി പത്താംതരം തുല്യത തുടർസാക്ഷരത എന്ന പദ്ധതിയു (222/24) ഭാഗമായി തുല്യത പഠിതാക്കളുടെ ഫീസ് അടവാക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ | 150000/- വി.ഫ- ജനറൽ |

| | |
|---|---|
| | 60000/- ഗുണഭോക്തൃ വിഹിതം |
| ചെലവ് | 55200/-<br>36000-വി.ഫ- ജനറൽ<br>19200-ഗുണഭോക്തൃ വിഹിതം |
| ബിൽ/ വൌച്ചർ നമ്പർ | 23151352032700254717/27.06.23-36000/-<br>22300372/24.08.2023-19200/- |

കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റി നടത്തിവരുന്ന ഹയർ സെക്കൻററി തുല്യത കോഴ്സിന്റെ 7- ാ ബാച്ചിനായി (2022-24) പദ്ധതി പ്രകാരം 24 പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിൽ ആകെ 55200/- രൂപ ( 24x1500 = 36000/- , 2 800= 19200) കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷൻ തു കൈപറ്റിയതിന്റെ വിശദാംശങ്ങളും മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതിയതിന്റെയും യോഗ്യ നേടിയതിന്റെയും വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 19/03.10.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 പരിരക്ഷാ പദ്ധതി - അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പരിരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/പേര് | 183/23-24<br>പരിരക്ഷ പാലിയേറ്റിവ് പ്രോഗ്രാം |
| ആകെ അടങ്കൽ | 8,90,000 രൂപ<br>വികസന ഫണ്ട് |
| ചെലവ് | 8,42,236 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി |

പരിരക്ഷാ പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 <u>മരുന്നുകൾ ലഭ്യമായില്ല.</u>

ബി ആർ എൻ -23151352030800518625/5.9.23 പ്രകാരം 2,45,476 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിക്കുകയ ആയതിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവീസ കോർപ്പറേഷനിൽ 1,90,196 രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. മരുന്നുകൾ ഭാഗികമായി ലഭിച്ചതായി കാണുന്നു.

| ക്രമനമ്പർ | അടവാക്കിയ തുക | പ്രൊഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്ന് | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ | വില | |
| 1 | 1,00,000 | PRF676/21.7.23 | 10981<br>27.12.23 | 6440 | |
| | | | 1617<br>30.5.24 | 3593 | |
| | | | 2648<br>5.7.24 | 6189 | |
| | | | 1359<br>20.5.24 | 18291 | |
| | | | 3793<br>12.8.24 | 9687 | |
| | | | 3840<br>13.8.24 | 2202 | |
| | | | ആകെ | 46402 | 53598 |

| | | | | | |
|---|---|---|---|---|---|
| 2 | 90196 | PRF673<br>21.7.23 | 10984<br>27.12.23 | 36071 | |
| | | | 1361<br>20.5.24 | 1196 | |
| | | | 1616<br>30.5.24 | 78 | |
| | | | 2651<br>5.7.24 | 14278 | |
| | | | 3787<br>12.8.24 | 26513 | |
| | | | ആകെ | 78136 | 12060 |
| | | | ആകെ | | 65658 |

ക്രമനമ്പർ ഒന്ന് പ്രകാരം 53,598 (1,00,000-46,402) രൂപയുടെ മരുന്നുകളും ക്രമനമ്പർ രണ്ട് പ്രകാരം 12,060 (90,196-78,1 ഉൾപ്പടെ ആകെ 65,658 (12,060 +53,598) രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

2 പരിരക്ഷാ പദ്ധതി സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

7.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് ഖണ്ഡിക 2.8.ബി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോ വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായ മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ട യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന പി,എം.സി മിനുട്ട്സ് പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമാണ് പി എം സി യോഗ

ചേർന്നിട്ടുള്ളത് .എന്നാൽ റിവ്യൂ മീറ്റിംഗ് എല്ലാ മാസവും ചേരുന്നുണ്ട്. പിഎംസി മീറ്റിംഗിൽ വരവ് ചെല കണക്കുകൾ അംഗീകരിക്കുന്നില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 6/28.9.24 പ്രകാരം ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു.ഓഡിറ്റ് എൻകൃയറിക്കുള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.മരുന്നുക ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്. പിഎംസി യുടെ പ്രവർത്തനം സംബന്ധിച്ച അപാകതകൾ കൂ പരിഹരിക്കേണ്ടതാണ്.

## 1-21 വൃക്ക രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമായില്ല

വൃക്ക രോഗികൾക്ക് മരുന്ന്,ഡയാലിസിസ് കിറ്റ് വിതരണം എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 195/23-24<br>വൃക്ക രോഗികൾക്ക് മരുന്ന്, ഡയാലിസിസ് കിറ്റ് വിതരണം |
| ആകെ അടങ്കൽ | 18,20,000 രൂപ<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 17,74,676 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി |

വൃക്ക രോഗികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ താ പറയും പ്രകാരം മുൻകൂറായി തുക നിക്ഷേപിച്ചിട്ടുണ്ട്.

| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി |
|---|---|---|

| | | |
|---|---|---|
| PRF 343/13.6.23 | 1,56,472 | 1/23-24 തി.14.7.23 |

മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അടവാക്കിയ തുക | പ്രൊഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്ന് | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| | | ഇൻവോയ്സ് നമ്പർ | വില | |
| 156472 | PRF343/13.6.23 | 14911/01.08.23 | 6572 | 79,248 |
| | | 16137/16.08.23 | 3539 | |
| | | 15985/14.08.23 | 8940 | |
| | | 20395/06.11.23 | 1532 | |
| | | 20913/17.11.23 | 4477 | |
| | | 21281/22.11.23 | 3995 | |
| | | 21418/24.11.23 | 19542 | |
| | | 23793/16.12.23 | 1239 | |
| | | 21027/18.11.23 | 5943 | |
| | | 21949/28.11.23 | 3226 | |
| | | 24008/19.12.23 | 1781 | |
| | | 24022/20.12.23 | 1192 | |

| | | | | |
|---|---|---|---|---|
| | | 24602/08.01.24 | 1516 | |
| | | 25779/30.01.24 | 2645 | |
| | | 27274/19.02.24 | 3660 | |
| | | 27282/20.02.24 | 578 | |
| | | 1800/12.04.24 | 1505 | |
| | | 30063/11.03.24 | 1012 | |
| | | 5533/15.05.24 | 3883 | |
| | | 26366/17.0724 | 83 | |
| | | 38011/12.08.24 | 63 | |
| | | 38045/12.08.24 | 128 | |
| | | 40987/19.08.24 | 93 | |
| | | 48843/19.09.24 | 80 | |
| | | ആകെ | 77,224 | |

ആകെ അടവാക്കിയ 1,56,472 രൂപയിൽ 77,224 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന 79,2 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി നമ്പർ 7/28.9.24 പ്രകാരം ഓഡി എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സബ് സെന്ററുകളിലേക്ക് ലാപ് ടോപ്പുകൾ ലഭ്യമായില്ല.

ഗ്രാമ പഞ്ചായത്ത് സി എച്ച് സി യുടെ കീഴിലുള്ള സബ് സെന്ററുകളിലേക്ക് ലാപ് ടോപ്പുകൾ വാങ്ങൾ എ പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 199/23-24<br>ആറ് സബ്സെന്ററുകളിലേക്ക് ലാപ് ടോപ്പ് വാങ്ങൽ |
| ആകെ അടങ്കൽ | 2,50,000രൂപ<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2,34,726 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി |

ഗ്രാമ പഞ്ചായത്തിലെ ആറ് ഹെൽത്ത് സബ് സെന്ററുകളിലേക്ക് സി പി ആർ സി എസ് പോർട്ടലിലൂടെ ല ടോപ്പുകൾ വാങ്ങുന്നതിനായി കെൽട്രോണിൽ താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ബി ആർ എൻ നമ്പർ/ തിയതി | ഉപകരണം | എണ്ണം | നിരക്ക് | ആകെ വില |
|---|---|---|---|---|
| 23151352030801159212<br>02.02.2024 | ലാപ്പ്ടോപ്പ് | 6 | 39,121 | 2,34,726 |

ലാപ് ടോപ്പുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാ എന്നാവശ്യപ്പെട്ട് നമ്പർ 5/28.9.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകി മറുപടിയിൽ ലാപ് ടോപ്പുകൾ ലഭിച്ചിട്ടില്ലെന്നും ആയവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതാ അറിയിച്ചിട്ടുണ്ട്.ലാപ് ടോപ്പുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.ലാപ് ടോപ്പുകൾ ലഭ്യമാകുന്നതു വ ചെലവ് തുക 2,34,726 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 സ്ട്രീറ്റ് ലൈറ്റ് പരിപാലനം - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | ടൗണുകളിൽ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ 259/24 |
| അടങ്കൽ | 100000/-ധനകാര്യ കമ്മീഷൻ അവാർഡ് + 150000/- തനതുഫണ്ട് = 250000/- |
| ചെലവ് | 100000/- (22300241/06.07.2023) + 149912/- (22300239/06.07.2023)= 249912/- |
| നിർവ്വഹണം | സെക്രട്ടറി |

1).കാളികാവ് ഗ്രാമപഞ്ചായത്ത് ടൗണിലെ പ്രവർത്തന രഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയ സ്ഥാപിക്കുന്നതിനാണ് 259/24 പദ്ധതി നടപ്പിലാക്കിയത്. ആയതിനായി പ്രവർത്തന രഹിതമായ സ്ട്രീറ്റ് ലൈറ്റുക മാറ്റി 20 W LED ബൾബുകൾ സ്ഥാപിച്ച് 1 വർഷം പരിപാലിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തു കാട്ട് ചെയ്ത സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് , ബേപ്പൂർ സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും (13.03.2023 6 1/5) എസ് 1.366/22-23 തി. 20.03.2023 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാളികാ ഗ്രാമപഞ്ചായത്തിലെ ടൗണിലെ പ്രവർത്തന രഹിതമായ 284 സ്ട്രീറ്റ് ലൈറ്റുകളിലെ ബൾബുകൾ മാ സ്ഥാപിക്കുന്നതിന് KSEB യുടെ അനുമതി ആവശ്യപ്പെട്ടുകൊണ്ട് അസി.എഞ്ചിനീയർ , കെ.എസ്.ഇ.ബി കാളികാവി എസ്.363/23 തി.25.03.2023 കത്ത് നൽകിയതായും കാണുന്നു. എന്നാൽ കെ.എസ്.ഇ.ബി കാളികാവിൽ നിന്ന് അനുമ ലഭ്യമായോ എന്ന് വ്യക്തമല്ല. അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് , ബേപ്പൂർ സമർപ്പിച്ച SBUB/22-23/R/037- 30.03.2023 (20 W LED- 284 Nos, Pend Holder, Shade, Service Wire, Automatic Senser Switch) പ്രകാരമുള്ള 284 എണ്ണം സ്ഥാപിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

3).തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തി പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓ അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻ രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവ നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ , അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേ

പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4). സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് , ബേപ്പൂരുമായുള്ള 17/23/24.03.2023 നമ്പർ ഉടമ്പടി പ്രകാരം സ്ഥാപിച്ച 2 ബൾബുകളുടെ സാങ്കേതിക തകരാറുകൾ 1 വർഷം പരിഹരിക്കേണ്ടത് സ്റ്റീൽ ഇന്റസ്ട്രീയൽസ് കേര ലിമിറ്റഡിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ മാറ്റി സ്ഥാപിച്ചവയുടെ വിവരം രേഖപ്പടുത്താത്തതിനാൽ ഇ പ്രയോജനപ്പടുത്താൻ സാധ്യമല്ല.

5). പരിശോധനക്ക് ഹാജരാക്കിയ സ്ട്രീറ്റ് ലൈറ്റ് കംപ്ലൈന്റ് രജിസ്റ്റർ (പേജ് 4)പ്രകാരം വാർഡ് 4 പള്ളിശ്ശേരി അങ്കണവാ മുതൽ ജി.എൽ .പി സ്കൂൾ വരെ ഉള്ള മുഴുവൻ ബൾബുകളും പ്രകാശിക്കുന്നില്ലെന്ന് 04.12.2023 ന് രേഖപ്പെടുത്തിയതാ കാണുന്നു. എന്നാൽ ആയത് പരിഹരിച്ച വിവരം രേഖപ്പെടുത്തിക്കാണുന്നില്ല.

6).തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 1049081/-രൂ ചെലവഴിച്ചിട്ടുണ്ട്. എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. ആയതിന്റ വിവ ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ കണക്ഷനുകൾ/ വൈദ്യുതി ചാർജ് സംബന്ധിച്ച രജിസ്റ്റ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

7).ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ ആകെ (വാർഡടിസ്ഥാനത്തിൽ ഇനം, പോസ്റ്റ് മിനിമാ ഹൈമാസ്റ്റ്, സോളാർ ലൈറ്റുകൾ എന്നിവ ഉൾപ്പെടെ) എണ്ണം കാണിക്കുന്ന തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റ സൂക്ഷിക്കുന്നുണ്ടങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

8). ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലുള്ള തെരുവ് വിളക്കുകളു സംയുക്ത പരിശോധന കെ.എസ്.ഇ.ബി യുമായി ചേർന്ന് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവര ലഭ്യമാക്കേണ്ടതാണ്.

9). പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരം ഒരു വർഷ കാലയളവിൽ വിവിധ ഗഡുക്കളായാണ് തു നൽകേണ്ടത്. എന്നാൽ മുഴുവൻ തുകയും ഒന്നിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20/03.10.2024 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## **1-24 അസി. എഞ്ചിനീയർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ**

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ പ്രകാരം സർക്കാറിന് വേണ്ടി പണം കൈപ്പറ്റുന്ന ഉദ്യോഗസ്ഥൻ TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴു സൂക്ഷിക്കേണ്ടതാണ് എന്ന് കേരള ട്രഷറി കോഡ് റൂൾ 92 ൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭര സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴു സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെല

രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമാ
പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കി രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല. ബാങ്ക് ട്രഷറി അക്കൗണ്ടുകളിൽ വൻ തുക ബാലൻസായി നില നിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകളി പണമിടപാടുകൾ ക്യാഷ് ബുക്കിൽ എൻട്രി വരാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ / വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

3. പണമിടപാടുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. വരവ് തുകയുടെ Source, രശീതി നം./ ബിൽ ന എന്നിവ വരവ് ഭാഗത്തും ചെലവ് ഭാഗത്ത് വൗച്ചർനം., തിയതി തുടങ്ങിയ വിവരങ്ങളും എൻട്രി വരുത്തുന്നില്ല. ഓ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

നിർദ്ദിഷ്ട രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ പണമിടപാടുകളുടെ കൃത്യമായ അക്കൗണ്ടിംഗ് സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും പണമിടപാടുകൾ നിരീക്ഷിക്കുന്നതിനും സംവിധാനമില്ല.

II. എഗ്രിമെന്റ് റജിസ്റ്റർ

എഗ്രിമെന്റ് റജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും (Amount Of Contract, Security Amount, Agreed Date Of Completion Et രേഖപ്പെടുത്തി ഓരോ എഗ്രിമെന്റിന് നേരെയും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

111. സ്റ്റോക്ക് റജിസ്റ്റർ

ഓഫീസ് ആവശ്യത്തിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നി അവയുടെ കൃത്യമായ സ്പെസിഫിക്കേഷൻ, വാറണ്ടി പീരിഡ് എന്നിവ രേഖപ്പെടുത്തുകയോ അസി.എഞ്ചിനീയ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 10/1.10.24 പ്രകാരം ഓഡിറ്റ് എൻക്വയ നൽകിയിരുന്നു.മുൻകാലങ്ങളിൽ എഴുതി വരുന്ന രീതിയിലാണ് കാഷ്ബുക്ക് സൂക്ഷിക്കുന്നതെന്നും ഭാവിയി ശരിയായ രീതിയിൽ കാഷ്ബുക്ക് സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.കാഷ് ബുക്ക് തുടർ വർഷങ്ങളി പരിശോധനക്ക് വിധേയമാക്കുന്നതാണ്.

## 1-25 ഇ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കിയില്ല

2023-24 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളു ടെണ്ടർ ഫീസ് ഇനത്തിൽ 1,94,125 രൂപ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

| അക്കൗണ്ട് വിശദാംശം | ആവശ്യകത | അക്കൗണ്ട് തുടങ്ങിയ | ബാലൻസ് തുക |
|---|---|---|---|

| | | തീയതി | |
|---|---|---|---|
| 39075395797, SBI Karuvarakund. | E-Tender | 21.1.2020 | 1,94,125 |

ടെണ്ടർ ഫീസിനത്തിൽ സൂക്ഷിച്ച 1,94,125 രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നന 2/27.9.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപ നൽകിയിട്ടുണ്ട്.

2023-24 വർഷത്തിൽ ആകെ 119 പ്രവൃത്തികളാണ് ഇ ടെണ്ടർ ചെയ്തിട്ടുള്ളത്.ആയതിൽ 2023 ഡിസമ്പർ ,2024 ജനുവ മാസങ്ങളിൽ ഇ ടെണ്ടർ ചെയ്ത 97 പ്രവൃത്തികളിലെ ടെണ്ടർ ഫീസ് 1.94,125 രൂപ അസി. എഞ്ചിനീയറുടെ അക്കൗണ്ടി സൂക്ഷിച്ചിരിക്കുകയാണ്.മാർച്ച് മാസത്തിൽ ഇ ടെണ്ടർ ചെയ്ത 22 പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 41,165 രൂപ ബാ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

ടെണ്ടർ ഫീസിനത്തിൽ ലഭിക്കുവാനുള്ള 41,165 രൂപ ലഭ്യമാക്കേണ്ടതാണ്. ലഭിച്ച തുക 1,94,125 രൂപ ഗ്രാമ പഞ്ചായത്തി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ താഴെ പട്ടികയിലെ ക്രമനമ്പർ 1 അക്കൗണ്ടിൽ 2,46,0 രൂപയും ക്രമനമ്പർ 2 അക്കൗണ്ടിൽ 1.11.23 ന് രൂപയൊന്നും അവശേഷിക്കുന്നില്ല.(അക്കൗണ്ട് ക്ലോസ് ചെയ്തിട്ടി ക്രമനമ്പർ 3 അക്കൗണ്ടിൽ 3,91,921 രൂപയും ക്രമനമ്പർ 4 അക്കൗണ്ടിൽ 47,553 രൂപയും ചെലവഴിക്കാ അവശേഷിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി കരാറുകാർക്ക് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയ ആവശ്യപ്പെടുന്ന തുക മാത്രമാണ് ഈ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത് എന്നതിനാൽ ഇതിൽ പണ ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിലും ഇത്ത നീക്കിയിരുപ്പിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നിലവിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ

| ക്ര. നം | അക്കൗണ്ട് വിശദാംശം | ആവശ്യകത | അക്കൗണ്ട് തുടങ്ങിയ തീയതി | ബാലൻസ് തുക |
|---|---|---|---|---|
| 1 | 39075395797, SBI Karuvarakund. | E-Tender | 21-01-2020 | 51,910<br>1,94,125<br>(31.3.24) |

| | | | | |
|---|---|---|---|---|
| 2 | 110039398472 CANARA BANK, KALIKAVU | CFC ഗ്രാന്റ് പ്രവൃത്തികളുടെ IT അടവാക്കൽ | 24-02-2022 | 0 (1-11.23) |
| 3 | 4281000100090377 PNB, KALIKAVU | ലഭ്യമല്ല | 17-3-2008 | 3,91,921 (31-03-2024) |
| 4 | 799011400004920 TSB, Karuvarakund. | ലഭ്യമല്ല | ലഭ്യമല്ല | 47,553 (31-03-2024) |

മേൽ അക്കൗണ്ടുകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 ഇടപാടുകൾ നടത്താത്ത ക്രമനമ്പർ 2 അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

2 ക്രമനമ്പർ 1 അക്കൗണ്ടിൽ ആകെയുള്ള 2,46035 രൂപയിൽ 1,94,125 രൂപ ഇ ടെണ്ടർ ഫീ ആണ്. 51,910 രൂപ എന്താണെ വിശദമാക്കേണ്ടതാണ്.

3 ഇ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ല.

4 ക്രമനമ്പർ 3,4 അക്കൊണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 11/1.10.24 പ്രകാരം ഓഡിറ്റ് എൻകായറി നൽകിയിരുന്നു. ഓഡിറ്റ് എൻകായറിക്ക് താഴെ പറയ പ്രകാരം അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.
1 മേൽ പട്ടികയിലെ ക്രമനമ്പർ 1 ലുള്ള 51,910 രൂപ കാലങ്ങളായി അക്കൗണ്ടിൽ ഉള്ളതായി കാണുന്നു. ആയതിന് ഉറവിടം ലഭ്യമല്ല.
2 മേൽ പട്ടികയിലെ ക്രമനമ്പർ 3 പഞ്ചാബ് നാഷണൽ ബാങ്ക് കാളികാവ് ശാഖയിലുള്ള തുക വർഷങ്ങളാ അക്കൗണ്ടിൽ കാണുന്നു. ആയതിന്റെ ഉറവിടം ലഭ്യമല്ല.
3 മേൽ പട്ടികയിലെ ക്രമനമ്പർ 4 പ്രകാരമുള്ള 47,553 രൂപയിൽ 25,000 രൂപ കണ്ടിജന്റ് ചെലവുകൾക്ക് അനുവദി തുകയാണ് എന്നും 4320 രൂപ EPOC Cir ബിൽ ഇനത്തിലുള്ള തുകയാണെന്നും 18,233 രൂപയുടെ ഉറവിടം ലഭ്യമല്ലെന്ന അറിയിച്ചിട്ടുണ്ട്.
മേൽ അക്കൗണ്ടുകളിലെ തുകകൾ പരിശോധന നടത്തി ചെലവഴിക്കാത്ത തുക ഗ്രാമ പഞ്ചായത്തി അടവാക്കുകയും ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുകയ ചെയ്യേണ്ടതാണ്.

## 1-27 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫർണീച്ചർ/സാധന സാമഗ്രികൾ വാങ്ങി

പ്രൊജക്റ്റ് നമ്പർ : 226/24

ബിൽ നമ്പർ : 23151352031201116204/24.01.2024

തുക : ₹ 50,000

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ഹോമിയോ

വെള്ളയൂർ ഹോമിയോ ഡിസ്പൻസറിയുടെ ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്റ്റീൽ അലമാ റിവോൾവിംഗ് ചെയർ, ഡിസ്പെൻസിംഗ് ടേബിൾ, ഫൈബർ കസേര, എന്നിവ വാങ്ങാൻ ഉദ്ദേശിച്ച് മേൽ പദ്ധ തയ്യാറാക്കി 50,000 രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തുകയുണ്ടായി. മേൽസാധനങ്ങൾ ടെൻഡ നടപടിയില്ലാതെ ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്ന് മേൽ ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങിയിട്ടുണ്ട്.

പദ്ധതി രൂപീകരണ ഫോറം 1 പ്രകാരം ടെൻഡർ മുഖേനയുള്ള നിർവ്വഹണ രീതിയാണ് പദ്ധതിക്ക് സ്വീകരിച്ചതാ കാണുന്നത്. എന്നാൽ ടെൻഡർ നടപടി സ്വീകരിച്ചതിന്റ രേഖകൾ ഫയലിൽ കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ടെൻഡർ നടപടി ഇല്ലാതെയാണ് ആർട്ട്കോവിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങിയത്. അക്രെഡിറ്റ ഏജൻസികളിൽനിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങുമ്പോൾ സർക്കാർ അംഗീകരിച്ച നിരക്ക് പ്രകാരമാണ് സാധനങ്ങ വാങ്ങേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വില നിശ്ചയിച്ചത് ജി.ഒ (ആർ.ടി) 20/2023/എസ്.പി.ഡി, തീ 24-02-2023 എ ഉത്തരവിലാണ്. എന്നാൽ ഈ ഉത്തരവിൽ Medicine Rack With Dispensing Table 120cm X 60 Cm , Fiber Armless Chair എന്നിവയു വില അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ആർട്ട്കോ ബിൽ (നം. MPM 267, തീയതി. 27.01.2024) പ്രകാരമുള്ള തു നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നൽകുകയായിരുന്നു. Medicine Rack With Dispensing Table, Fiber Armless Chair എന്നിവയ്ക യഥാക്രമം ₹21,450, ₹445 എന്നീ നിരക്കാണ് അനുവദിച്ചത്. ഇപ്രകാരം Medicine Rack With Dispensing Table ഒരെണ്ണ വാങ്ങിയതിന് ജി.എസ്.ടി 18% ഉൾപ്പെടെ 25311 രൂപയും (21450 + 18% X 21450 = 25311 ), Fiber Armless Chair 10എണ്ണ വാങ്ങിയതിന് ജി.എസ്.ടി 18% ഉൾപ്പെടെ 5251 രൂപയും നൽകിയിട്ടുണ്ട് (10 X 445 = 4450, 4450 + 18% 4450 = 5251). ഇ ക്രമപ്രകാരമുള്ള നടപടിയല്ല. രണ്ട് സാധനവും ഓപ്പൺ മാർക്കറ്റിൽ നിന്ന് ടെണ്ടർ നടപടിയിലൂടെ വാങ്ങേണ്ടതി പകരം ആർട്ട്കോവിൽ നിന്ന് ടെണ്ടറില്ലാതെ നേരിട്ട് വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാ അപാകതക്ക് മറുപടിയായി മേൽ സാധനങ്ങൾ സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്തവയാണ് എന്ന് ശ്രദ്ധയി പെട്ടിരുന്നില്ല എന്നും ഇനിമേൽ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റ് എൻകയറി നമ്പർ 23/2023-24, തീയതി : 03. 10.2024 പരാമർശിച്ച പ്രകാരം ഇനിമേൽ ചെയ്യുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസികളി നിന്നും നേരിട്ട് പർച്ചേയ്സ് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം

1 അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | സ്പിൽഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകരിച്ച പ്രോജക്ടുകൾ | 89 | 115 | 204 |

| | | | |
|---|---|---|---|
| നിർവ്വഹണം നടത്തിയ പ്രോജക്കുകൾ | 62 | 37 | 99 |
| നിർവ്വഹണം നടത്താത്ത പ്രോജക്കുകൾ | 27 | 78 | 105 |
| വകയിരുത്തിയ ഫണ്ട് | | | 71570808 |
| ചെലവഴിച്ചത് | | | 27233177 |
| ചെലവ് ശതമാനം | | | 38% |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചതായി കാണുന്നില്ല.പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ മെയിന്റനൻസ് ഫണ്ടിനത്തിൽ തുക ലാപ്സായി.ലാപ്സാ
ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ബാലൻസ് (ലാപ്സായത്) |
|---|---|---|---|
| എം.ജി.(റോഡ്) | 11824650 | 7887149 | 3937501 |
| എം.ജി.(നോൺറോഡ്) | 9888000 | 7239837 | 2648163 |

ഗ്രാമ പഞ്ചായത്തിനു ലഭിക്കുന്ന ഫണ്ടുകൾ ലാപ്സാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
3 സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 89 പ്രോജക്കുകൾ പ്രസ്തു
വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആ
ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി- പ്രവൃത്തികളിൽ 27 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ
ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടു
വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അ
പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്കുകളായി പരിഗണിക്കുന്നത്. എന്നാ
അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽഓവർ ആ
വർഷവും പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്കുകൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പി
ഓവർ പ്രോജക്കുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്യുന്നുണ്ട്. മാത്രമല്ല വകയിരുത്തിയ ഫ
ലാപ്സാകുന്നതിനും പ്രോജക്ട് തയ്യാറാക്കിയതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാ
വരികയും ചെയ്തിട്ടുണ്ട്.

ടി സ്പിൽഓവർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം, പ്രവൃത്തികൾ പൂർത്തീകരിച്ചതാണോ ,പാതി വഴിയി ഉപേക്ഷിച്ചതാണോ, നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനിച്ചതാണോ, പൂർത്തീകരിച്ചതാണെങ്കിൽ ബി തുക നൽകാത്തതിന് കാരണം എന്നിവ വ്യക്തമാക്കിയിട്ടില്ല.

4 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇത ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയി നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊ ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5 ആസ്തി രജിസ്റ്റർ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തി രജിസ്റ്റ ഈ റിപ്പോർട്ടിന്റെ പൊതു അവലോകനത്തിൽ പരാമർശിച്ച പ്രകാരം കാലികമാക്കി സൂക്ഷിക്കുന്നതിനുവേ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6 R-ട്രാക്ക് സർവ്വേ സംബന്ധിച്ച്

R- ട്രാക്ക് സർവ്വേ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ആകെ 224.931 കി.മി റോഡുകൾ സർവ്വേ നടത്തുകയും ആയത് അസ എഞ്ചിനീയർ,അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ തലങ്ങളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കുകയും തെറ്റാ രേഖപ്പെടുത്തിയ റോഡുകൾ ഒഴികെയുള്ളവ 13.9.24 ലെ 36/1 ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിക്കുകയ ചെയ്തിട്ടുണ്ട്.

7 അസി. എഞ്ചിനീയർ ഓഫീസിലെ സ്റ്റാഫിന്റെ വിശദാംശങ്ങൾ

അസി. എഞ്ചിനീയർ ഓഫീസിൽ ഒരു അസി. എഞ്ചിനീയറെ കൂടാതെ ഒരു ഓവർസിയറും ഒരു ക്ലാർക്കുമാ നിലവിലുള്ളത്. ഒരു ഓവർസിയറുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്.സ്റ്റാഫിന്റെ അഭാവം പദ്ധതി നടത്തിപ്പി തടസ്സം ഉണ്ടാക്കുന്നുണ്ട്.

8 മോണിട്ടറിംഗ്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കി ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാ കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്ന തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയി

തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാനുവൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള പരിശോധനം വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.
ഇതു സംബന്ധിച്ച് നമ്പർ 22/3.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മേൽ ഖണ്ഡികയിലെ ക്രമനമ്പ ആറിനു മാത്രമാണ് മറുപടി നൽകിയത്. മറ്റ് അപാകതകൾക്കുള്ള മറുപടി ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയു കൂടെ ലഭ്യമാക്കേണ്ടതാണ്.

## 1-29 അസി. എഞ്ചിനീയറുടെ ഓഫീസ് നവീകരണം-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ ഓഫീസ് നവീകരണത്തിന് താഴെ പറയും പ്രകാരം പ്രൊജ തയ്യാറാക്കിയിട്ടുണ്ട്.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 452/23-24<br>അസി. എഞ്ചിനീയറുടെ ഓഫീസ് നവീകരണം |
| ആകെ അടങ്കൽ | 5,00,000രൂപ<br>തനത് ഫണ്ട് |
| ചെലവ് | 91,284 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

അസി. എഞ്ചിനീയറുടെ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന ഐടി ഉപകരണങ്ങ വാങ്ങിയിട്ടുണ്ട്.

1 സ്ഥാപനം -സെർവൈറ്റ് സിസ്റ്റംസ് കൊച്ചി

ഇൻവോയ്സ് നമ്പർ-23-24SS/812 തി. 13.3.24

| വൗച്ചർ നമ്പർ/ തിയതി | ഉപകരണം | എണ്ണം | വില | ആകെ വില |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 22301043<br>28.3.24 | HP NOTEBOOK 240 GB/13/11 | 1 | 38557.62 | 38557.62 |
| | HP BACKPACKS | 1 | | |
| | MOUSE USB LAPCARE | 1 | | |
| | WIN 11 PRO OEM (997331)<br>N2 J4D WF7C2 73WQ JTR44 TVJXC | 1 | | |
| | | | GST | 6940.38 |
| | | | ആകെ | 45,498 |

2 സ്ഥാപനം-സിസ്റ്റംസ് സെയിൽസ് ആന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്കോഴിക്കോട്
ഇൻവോയ്സ് നമ്പർ-CLTB2B23/24-0854/23.3.24

| വൗച്ചർ നമ്പർ/ തിയതി | ഉപകരണം | എണ്ണം | വില | ആകെ വില |
|---|---|---|---|---|
| 22301042<br>28.3.24 | Canon Multifunction Inkjet Printer GM4070 IN | 2 | 19400.85 | 38801.70 |
| | | | GST | 6984.3 |
| | | | ആകെ | 45,786 |

മേൽ പ്രൊജകിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 എല്ലാ സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും GeM മുഖേ സാധനങ്ങൾ വാങ്ങണമെന്ന നിർദേശം പാലിച്ചില്ല.(സർക്കുലർ നമ്പർ SPD-A2/9/2022-SPD തി. 9.5.22)

2 സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.
3 സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

4 മേൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4 ശരിയായ സ്പെസിഫിക്കേഷനോടു കൂടിയ ഉപകരണമാണ് വാങ്ങിയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.
ഇതു സംബന്ധിച്ച് നമ്പർ 31/04.10.24 പ്രകാരം ഓഡിറ്റ് എൻകചയറി നൽകിയിരുന്നു. എന്നാൽ മറുപ ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ ആകെ ചെലവ് തുക91,284 രൂപ (45,498+45,786) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം (364/24) |
| അടങ്കൽ | 1330000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 996175/- |
| വൗച്ചർ നമ്പർ | 22300971/25.03.24/996175 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം മെൻസ്ട്രൽ കപ്പ് വാങ്ങുന്നതി 975175 രൂപ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്.

സ. ഉ (കൈ ) നം. 115/2022/ ത സ്വ ഭ വ തീയതി 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ 7.6.8 പ്രകാരം മെൻസ്ട്രൽ ക സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ വിശ്വാസ്യതക്കും സംശയനിവാരണത്തിനും പിഎച് സി/എഫ് എച് സി/ പി എച് സി/സി എച് സി ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രചാര പരിപാടി നടത്തണം. ബോധവൽക്കരണത്തിന് ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാവുന്നതാ ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിന് നിർവ്വഹണചുമതല ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം.

പദ്ധതിയുടെ ഭാഗമായി സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും 975175/- രൂപക്ക് ആകെ 36 എണ്ണം മെൻസ്ട്രുവൽ കപ്പ് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ SEUF/MPM/INV/726/23-24/50 തിയതി 09.02.24 പ്രകാരം 32 എണ്ണവും ഇൻവോയ്സ് നമ്പർ SEUF/MPM/INV/726/23-24/54 തിയതി 02.03.2024 പ്രകാരം 437 എണ്ണവും).

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരം ഡോക്ടറുടെ നേതൃത്തത്തിൽ ബോധവൽക്കരണ പരിപാടി നടത്തിയതിന്റെയും മെഡിക്ക ഓഫീസർക്ക് നിർവ്വഹണ ചുമതല നൽകിയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

2. ആകെ വാങ്ങിയ മെൻസ്ട്രുവൽ കപ്പിൽ ഏതെല്ലാം അളവിലുള്ള മെൻസ്ട്രുവൽ കപ്പുകൾ എത്ര എണ്ണം വാങ എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

3. വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

4. വിതരണ ലിസ്റ്റ് ഹാജരാക്കിയെങ്കിലും കൈപറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ക്രമനമ്പർ ഇട്ട് / വാർഡ് തിരി സൂക്ഷിക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (16/03.10.2024) ആയത് സ്റ്റോക്കിലെടുത്ത് രജിസ്റ്റ ഹാജരാക്കിയെങ്കിലും രജിസ്റ്ററിൽ പ്രൊജക്റ്റ്, ഇൻവോയ്സ് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തരേ രേഖപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ 2 അപാകതക്ക് ആകെ 750 സ്മോൾ, 1700 മീഡിയം, 1187 ലാർജ് എന്നീ അളവിലു മെൻസ്ട്രുവൽ കപ്പുകളാണ് വാങ്ങി വിതരണം ചെയ്തത് എന്നാണ് അറിയിച്ചത്. എന്നാൽ ഇതിന്റെ കൃത്യ പരിശോധിക്കാൻ SEUF സാക്ഷ്യപ്പെടുത്തിയ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണ ലി കൃത്യമാക്കി മറ്റ് അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 നാപ്കിൻ ഡിസ്ട്രോയർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല, മറ്റ് അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ (421/24) |
| അടങ്കൽ | 50000/- തനത് ഫണ്ട് |
| ചെലവ് | 50000/- |
| വൗച്ചർ നമ്പർ | 223000964/16.03.2024/50000/- |
| നിർവ്വഹണം | ഐ സി ഡിഎസ് സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് S&S Equipments പുത്തലം, അരീക്കോട് എന്ന സ്ഥാപനത്തിൽ നിന്ന സാനിറ്ററി നാപ്കിൻ ബേണിംഗ് മെഷീൻ വാങ്ങി (ഇൻവോയ്സ് നമ്പർ -3/18.03.2024) ജി യു പി സ്കൂൾ കാളികാവ് ബസാറി കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷൻ നോട്ടീസ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഉപകരണത്തിന് ആവശ്യപ്പെട്ട സ്പെസിഫിക്കേഷ എന്തെല്ലാമാണെന്ന് വ്യക്തമല്ല.

2. 3 സ്ഥാപനങ്ങളാണ് ക്വട്ടേഷനിൽ പങ്കെടുത്തിട്ടുള്ളത്. ആയതിൽ S&S Equipments പുത്തലം, ലൈഫ് ലൈ എന്റർപ്രൈസസ് കൊണ്ടോട്ടി എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ നാപ്കിൻ വെന്റിംഗ് മെഷീനിനാ തുക ക്വോട്ട് ചെയ്തിട്ടുള്ളത്. (യഥാക്രമം 42950 രൂപ, 45000 രൂപ). യങ് എന്റർപ്രൈസസ് പാണ്ടിക്കാട് എന്ന സ്ഥാപ നാപ്കിൻ ഇൻസിനേറ്റർ സിംഗിൾ ചേമ്പർ 32438 രൂപ, ഡബിൾ ചേമ്പർ 44250 രൂപ എന്ന് ക്വോട്ട് ചെയ്തിട്ടുണ്ട്. വെന്റിം മെഷീനിന് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയതെങ്ങനെയെന്ന് വ്യക്തമല്ല.

3. ഹെഡ്മാസ്റ്റർ ഡിസ്ട്രോയർ കൈപ്പറ്റിയതിന്റെ വിവരം ഫയലിൽ ഉണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥ ആയ സ്റ്റോക്കിലെടുത്തിട്ടില്ല.

4. ഹെഡ്മാസ്റ്ററെ ഫോൺ മുഖേന ബന്ധപ്പെട്ടതിൽ ഉപകരണം നാളിതുവരെ പ്രവർത്തന യോഗ്യമാക്കിയിട്ടില്ല എ അറിയിച്ചു. മാർച്ച് മാസം ലഭ്യമായ ഉപകരണം നാളിതുവരെ പ്രവർത്തനയോഗ്യമാക്കാത്തതിന് കാരണം വ്യക്തമല്ല.

5. ഉപകരണത്തിന്റെ വാറന്റി വിവരം ഇൻവോയ്സിലോ ക്വട്ടേഷനിലോ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/03.10.24) ലഭ്യമാക്കി മറുപടി ചുവടെ ചേർക്കുന്നു.
ക്രമ നമ്പർ 1 &2 വിൻഡോ പരസ്യം മുഖേനയാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും പങ്കെടുത്ത സ്ഥാപനങ്ങൾ നാപ്കി ഡിസ്ട്രോയറിനുള്ള തുക തന്നെയാണ് ക്വട്ടേഷൻ സമർപ്പിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. എന്നാ ക്വട്ടേഷനിൽ വെന്റിംഗ് മെഷീന് എന്ന് തന്നെയാണ് ചേർത്തിട്ടുള്ളത്.
ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഉപകരണം സ്റ്റോക്കിൽ ചേർത്തി നിർവ്വഹണോദ്യോസ്ഥ ഹാജരാക്ക എന്നാൽ ആയതിന്റെ ഇൻവോയ്സ് വിശദാംശം, പ്രൊജക്റ്റ് വിശദാംശങ്ങൾ എന്നിവ ചേർത്തിട്ടില്ല. കൂടാതെ ഉപകരണ ഇൻസ്റ്റാൾ ചെയ്യുന്നതിന് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലാണ് ആയത് നാളിതുവരെ സ്ഥാപിക്കാതിരുന്നതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ ഹെഡ്മാസ്റ്ററെ ഫോൺ മുഖേന ബന്ധപ്പെട്ടതിൽ വൈദ്യുതി കണക്ഷൻ ഉള്ളതായിട്ടാ അറിയിച്ചത്. ഒരു വർഷത്തെ വാറന്റിയാണ് ഡിസ്ടോയറിന് ഉള്ളതെന്ന് വാക്കാൽ അറിയിക്കുകയും ചെയ്യ മാർച്ചിൽ ലഭ്യമായ ഉപകരണം വൈദ്യുതി കണക്ഷൻ ഉണ്ടായിട്ടും നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാത്തത് (വാറന് കാലയളവിനുള്ളിൽ) വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഉപകരണം ലഭ്യമായി നാളിതുവരെ സ്റ്റോക്കിലെടുക്കാതെ ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം മാത്ര സ്റ്റോക്കിൽ ചേർക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥയുടെ നിരുത്തരവാദപരമാ സമീപനമായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപകരണം എത്രയും പെട്ടെന്ന് ഇൻസ്റ്റാൾ ചെയ്ത് വിവ അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് (50000 രൂപ) തുക തടസ്സം ചെയ്യുന്നു.

## 1-32 വയോജനങ്ങൾക്ക് കട്ടിൽ- പദ്ധതി നിർവ്വഹണത്തിലെ അപാകത

| പ്രൊജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (365/24) Spill Over | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (245/24) |
|---|---|---|
| അടങ്കൽ/ ഫണ്ട് | 991800/- (പൊതുവിഭാഗം സാധാരണ വിഹിതം) | 850000/- (പൊതുവിഭാഗം സാധാരണ വിഹിതം) |

| | | |
|---|---|---|
| ചെലവ് | 436795/- | 50000/- |
| ബിൽ നമ്പർ | 23151352031000779207/08.11.23 | 23151352031001571413/26.03.24 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ നിന്ന 365/24 നമ്പർ പ്രൊജക്റ്റിന് ആർട്ട്കോ മലപ്പുറത്തിൽ നിന്നും 245/24 നമ്പർ പ്രൊജക്റ്റിന് KADCO യിൽ നിന്ന കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | ബില്ല് പ്രകാരം തുക കൈമാറിയ സ്ഥാപനം/തുക/ അക്കൗണ്ട് നമ്പർ | ഇൻവോയ്സ് നമ്പർ/ തിയതി | എണ്ണം |
|---|---|---|---|---|
| 1 | 365/24 | ആർട്ട് കോ മലപ്പുറം/436795/- A/C 40986811168 | MPM 321/16.03.2023/436795/- | 101 |
| 2 | 245/24 | റീജിയണൽ ഓഫീസർ, കാഡ്കോ ലിമിറ്റഡ്/50000/- A/C 0808201005758 | ലഭ്യമല്ല. | ലഭ്യമല്ല |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. (രണ്ട് ഫയലുകളും ഒരുമിച്ചാണ് സൂക്ഷിച്ചിട്ടുള്ളത്. )

1. ക്രമ നമ്പർ 2 പ്രൊജക്റ്റിന്റെ ലഭ്യമാക്കിയ ബില്ല് പ്രകാരം കാഡ്കോ ക്ക് 50000 രൂപ കൈമാറിട്ടുണ്ടങ്കിലും ഫയലി ബില്ലിന്റെ കൂടെ വെച്ചിട്ടുള്ള ഇൻവോയ്സ് ക്രമ നമ്പർ 1 പ്രൊജക്റ്റ് പ്രകാരം (365/24) ആർട്ട് കോയിൽ നിന്ന് 43679 രൂപയുടെ പർച്ചേസിന്റെ തന്നെ ആണ് (ഇൻവോയ്സ് നം. MPM 321/16.03.2023). ആയതിൽ നിർവ്വഹണോദ്യോഗസ്ഥ I

Cancelled &Passed For RS 50000/- എന്ന് ചേർത്ത് 25.03.2024 ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (പ്രസ്തുത ഇൻവോയ്സ് പ്രകാരമു മുഴുവൻ തുകയും ക്രമനം. 1 പ്രകാരമുള്ള പ്രൊജക്റ്റിന് വേണ്ടി ആർട്ട് കോ ക്ക് കൈമാറിയിട്ടുള്ളതാണ്.)

കാഡ്കോ ക്ക് പ്രൊജക്റ്റ് പ്രകാരമുള്ള തുക കൈമാറി ആർട്ട് കോ യുടെ ഇൻവോയ്സ് വെച്ചത് എന്ത് ഉദ്ദേശത്തിലാ എന്ന് വ്യക്തമല്ല. (തുക കൈമാറിയതിന്റെ അക്കൗണ്ട് നമ്പറിന്റെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല

2. ഫയലിൽ കാഡ്കോ കോഴിക്കോട്, ആർട്ട് കോ പാലക്കാട്, ആർട്ട് കോ കോഴിക്കോട്, സിഡ്കോ മഞ്ചേരി എ സ്ഥാപനങ്ങൾ സമർപ്പിച്ച ഓരോ ക്വട്ടേഷൻ ഉണ്ടെങ്കിലും അത് ഏത് പ്രൊജക്റ്റിന് (365/24, 245/24) വേ സമർപ്പിച്ചതാണെന്ന് വ്യക്തമല്ല.

3. ലഭ്യമാക്കിയ ക്വട്ടേഷനുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റുകൾ, ക്വട്ടേഷൻ അംഗീകരിച്ചതിന്റെയും ഭരണസമി തീരുമാനമെടുത്തതിന്റെയും രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കുറവ് തു കോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷനാണോ സ്വീകരിച്ചത് എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

4. പർചേസ് ചെയ്ത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കിയതിന്റെയോ സ്ഥാപനവുമായി കരാർവെച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

5. കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

6. ക്രമ നമ്പർ 1 പ്രകാരം 101 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ക്രമ നമ്പർ 2 ന് യഥാർത്ഥ ഇൻവോയ്സ് ഇല്ലാത്തതിനാ വാങ്ങിയ കട്ടിലുകളുടെ എണ്ണം വ്യക്തമല്ല. ലഭ്യമാക്കിയ വിതരണ ലിസ്റ്റ് പ്രകാരം 228 പേർ കൈപറ്റിയിട്ടു (യഥാർത്ഥത്തിൽ ആകെ 243 പേർ കൈപറ്റിയതായി ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും ആയതിൽ 15 പേരുടെ ഒപ്പ് വൈറ്റ ഉപയോഗിച്ച് മായ്ച്ചുകളഞ്ഞിട്ടുണ്ട്.) ആയതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/03.10.2024) ന് മറുപ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടികൾ ലഭ്യമാക്കേണ്ടതും ആയതിനെ സാധൂകരിക്കു രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ആകെ ചെലവ് തുക (486795/- രൂപ) ഓഡിറ്റിൽ തട ചെയ്യുന്നു.

## 1-33 സ്മാർട്ട് അംഗൻവാടി - അപാകതകൾ

പ്രൊജക്റ്റ് : സ്മാർട്ട് അംഗൻവാടി(239/24)

അടങ്കൽ തുക : ₹ 6,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് : ₹ 6,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബി.ആർ.എൻ : (1) 23151352031001571428/26.03.2024, തുക - ₹ 50,000

(2) 23151352031000573041/13.09.2023, തുക - ₹ 5,50,000

കാളികാവ് ഗ്രാമ പഞ്ചായത്ത് അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം ഉദ്ദേശിച്ച് ഗ്രാ പഞ്ചായത്തിലെ തെരെഞ്ഞെടുക്കപ്പെട്ട നാല് അംഗൻവാടികളെ സ്മാർട്ട് അംഗൻവാടികളാക്കുന്നതിന് മേൽ പദ്ധ തയ്യാറാക്കി 6,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തുകയുണ്ടായി.

ക്രമ നം (1 ) ബി ആർ എൻ പ്രകാരം അംഗൻവാടി യുടെ ചുമരുകളിൽ തീം അടിസ്ഥാനമാക്കിയുള്ള പെയിന്റിം പ്രവൃത്തികളും ഏതാനും ഫർണിച്ചർ വിതരണവുമാണ് നടപ്പാക്കിയത് (Invoice No. MPM 55 Dt. 31.07.2023, ഈനാ സെന്റർ നം 85എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് പ്രൊജ നടപ്പാക്കിയത്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

സർക്കാർ ഉത്തരവ് പ്രകാരം (GO(P) 77/2019/Fin Dt 04.07.2019 ) ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റ ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്ട്കോ .

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് അക്രഡിറ്റ ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്.

വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നു പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഫയൽ പരിശോധിച്ചതിൽനടപ്പാക്കിയ പ്രവൃത്തിയിൽ മേൽ നിർദ്ദേശങ്ങളൊന്നുംതന്നെ പാലിച്ചതാ കാണുന്നില്ല. പെയിന്റിംഗ് പ്രവൃത്തികൾക്ക് ആർട്ട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാ എന്നതും വ്യക്തമാക്കിയിട്ടില്ല.
പെയിന്റ് ചെയ്ത ഏരിയ അളന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങ വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(P 20/2023/SPD Dt. 24.02.2023).

മേൽ ഉത്തരവിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരി വാങ്ങാൻ പാടുള്ളൂ എന്നു വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ARTCO വിതരണം ചെയ്ത താഴെപ്പറയുന്ന വിവിധ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTC യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയാണ്.

1)Teachers Table - 1
2) Steel Chair With Cushion Seat And Back – 1
3) Toy Basket - 1
4) Baby Chair - 5
5) Front Round Table Without Chair - 2
6) Multi Colour Slide With Swing – 1
7) EVE Mat 2ft X 2ft X 12mm – 13

3. ക്രമ നം(2) ബി.ആർ.എൻ പ്രകാരം 5,50,000 രൂപ ആർട്ടോ യ്ക്ക് മേൽ പദ്ധതിക്കായി നിർവ്വണ ഉദ്യോഗസ്ഥ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ക്യാഷ്/ ക്രെഡിറ്റ് ബിൽ ഫയലിൽ ലഭ്യമല്ല. ബിൽ ഇല്ലാതെ മേൽ തു അനുവദിച്ചതിന്റെ വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. മേൽ പദ്ധതി നടപ്പിലാക്കിയ സെന്ററുകളിൽ നിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

5. പദ്ധതി പ്രകാരം 4 അംഗൻവാടികളെ സ്മാർട്ട് അംഗൻവാടികളാക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസ 17.6.2023 ന് മാനേജർ, ആർട്ടോയ്ക്ക് സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. എന്നാൽ സെന്റർ നമ്പർ 85 ന് (ഈനാ സാധനങ്ങൾ നൽകിയ ബിൽ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത് (Invoice No. MPM 55 Dt. 31.07.2023). മ സെന്ററുകൾക്ക് സാധനങ്ങൾ നൽകിയ ആർട്ടോയുടെ ബിൽ ഹാജരാക്കേണ്ടതാണ്.

6. ലഭ്യമാക്കിയ MPM 55 Dt. 31.07.2023 ഇൻവോയ്സ് പ്രകാരം ആകെ തുക 151344 രൂപയാണ്. എന്നാ നിർവ്വഹണോദ്യോഗസ്ഥ Paased For Rs Limits 50000/-എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കു തുക മറ്റേതെങ്കിലും ബില്ല് പ്രകാരം കൈമാറിയിട്ടുണ്ടോയന്ന് വ്യക്തമല്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/04.10.2024) മറുപ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം(2) ബി.ആർ.എൻ പ്രകാരം 5,50,000 രൂപയുടെ രേഖകൾ,വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖക ലഭ്യമാക്കുന്നതുവരെ ചെലവ് തുക 6,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-34 വയോ ടാലന്റ് ഡേ-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | വയോ ടാലന്റ് ഡേ (234/24) |
| അടങ്കൽ | 50000/- തനത് ഫണ്ട് |
| ചെലവ് | 50000/- |

| | |
|---|---|
| വൗച്ചർ നമ്പർ | 22300860/14.02.2024/50000 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് /അക്കൗണ്ട് നമ്പർ | ഇൻവോയ്സ് നമ്പർ/ അനുവദിച്ച തുക | കുറിപ്പ്/അപാകത |
|---|---|---|---|
| 1 | നസീർ ബാബു 4281000100112879 | 429/01.02.2024/ 4500 | മൈക്ക് & സൗണ്ട് |
| 2 | യൂനുസ് 15920100002213 | 774/06.02.2024/ 629 | ഫ്ലക്സ് പ്രിന്റ് ചെയ്ത വക |
| 3 | റംലത്ത് 40382101009503 | ലഭ്യമല്ല. | ബില്ല് പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 24500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയെ സാധൂകരിക്കുന്ന വൗച്ചറുകളോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. |
| 4 | കുഞ്ഞലവി കരിപ്പയി 110054773253 | 54/01.02.2024 /12500 | ഹാൾ വാടക ഇനത്തിൽ നൽകി. എന്നാൽ പ്രസ്തുത ഇൻവോയ്സിൽ ചേർത്തിട്ടുള്ളത് ഭിന്നശേഷി കുട്ടികളുടെ പ്രോഗ്രാം എന്നാണ്, ആയതിനാൽ ചെലവ് തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. |
| 5 | ഷി പാലസ് 2439261005245 | 2172/23-24/30.01.2024/7871 | തുക ഉപയോഗിച്ചത് എന്തിനാണെന്ന് ഇൻവോയ്സിൽ നിന്നും വ്യക്തമല്ല. |

കൂടാതെ വയോ ടാലന്റ് ഡേ എന്ന് നടത്തിയെന്നും പ്രോഗ്രാം സംബന്ധിച്ച റിപ്പോർട്ടോ മറ്റ് രേഖകളോ ഫയലി നിന്നും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/04.10.2024) മറുപ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ചെലവുകളെ സാധൂകരിക്കു രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 3 ന്റെ ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ 24500 രൂ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 വയോജനങ്ങൾക്ക് ഉല്ലാസയാത്ര -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | വയോജനങ്ങൾക്ക് ഉല്ലാസയാത്ര (233/24) |
| അടങ്കൽ | 75000/- പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | 75000/- |
| ബിൽ നമ്പർ (BRN) | 1) 23151352031001052280/10.01.2024/27500<br>2) 231513520310010500289/23.03.24/47500 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

വയോജനങ്ങൾക്ക് ഉല്ലാസ യാത്ര നടത്തുന്നതിനായാണ് മേൽ തുക ചെലവ് ചെയ്തിട്ടുള്ളത്. ചെലവ് വിശദാംശങ്ങള ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | തുക | കുറിപ്പ്/അപാകത |
|---|---|---|---|
| 1 | മുസ്തഫ പി 051505300002765 | 27500 | തുക ചെലവ് ചെയ്തതിന്റെ ലഭ്യമാക്കിയ ഫിഗ്മ ഹോളിഡെയ്സ് നടുവത്ത് എന്ന സ്ഥാപനത്തിന്റെ (ബസ് ഫെയർ കാളികാവ് -കൊച്ചി) ഇൻവോയ്സ് 08.01.2023 തിയതിയിലേതാണ് (ഇൻവോയ്സ് നം.6). 23-24 വർഷത്തെ പ്രൊജക്റ്റ് പ്രകാരം നടത്തിയ ഉല്ലാസ യാത്രക്ക് 22-23 വർഷത്തെ ഇൻവോയ്സ് വെച്ചതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 2 | റംലത്ത് 40382101009503 | 21500 | ഫ്രണ്ട്സ് ജനകീയ ഹോട്ടലിന്റെ 632/23.03.2024 നമ്പർ ഇൻവോയ്സ് പ്രകാരം ഭക്ഷണത്തിനായി 21500 രൂപ ചെലവഴിച്ചു. |
| | മുസ്തഫ പി 0515053000002765 | 26000 | റൊമാൻസ് ട്രാവൽ ഹബ് -ന്റെ 22.03.2024 ലെ 28 നമ്പർ ഇൻവോയ്സ് പ്രകാരം ബസ് ഫെയറായി (To കൊച്ചി മെട്രോ)26000 രൂപ ചെലവഴിച്ചു. |

മറ്റ് അപാകതകൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(ം നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ആയത് പാലിക്കാതെയാണ് മേൽ ചെലവുക നടത്തിയിട്ടുള്ളത്.

2. ഫയലിൽ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം 77 പേർ പങ്കെടുത്തതായി കാണുന്നു. എന്നാൽ യാത്ര പോയതിന് വിശദാംശങ്ങൾ ഫയലിൽ ഇല്ല.

അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/04.10.2024) മറുപടി ലഭ്യമാക്കിയിട്ടി അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കുന്നത് വ ചെലവ് തുക (75,000/- രൂപ) തടസ്സം ചെയ്യുന്നു.

## 1-36 അനുപൂരക പോഷകാഹാര വിതരണം- അപാകതകൾ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണവുമായി ബന്ധപ്പെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചവുടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് | അങ്കണവാടി പോഷകാഹാരം ജനറൽ (227/24) |
| അടങ്കൽ | 1076680/- വികസന ഫണ്ട് ജനറൽ<br>4923320/-കോമ്പ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 5264795/- |
| | |

| | |
|---|---|
| ബിൽ/ വൗച്ചർ നമ്പർ | 23151352031000295390/30.06.2023/284840<br>23151352031000295378/30.06.2023/276340<br>22300268/29.7.2023/378018<br>23151352031000322205/13.07.2023/53548<br>22300513/18.10.2023/683864<br>22300512/18.10.23/103749<br>22300608/20.11.23/924980<br>23151352031000806965/16.11.23/233500<br>22300929/02.03.2024/398962<br>22300709/30.12.23/299055<br>22300710/30.12.2023/135023<br>22301012/27.03.2024/349928<br>22301013/27.03.24/47000<br>22301011/27.03.24/317964<br>/22300613/24.11.23/3231<br>/22300769/20.01.24/119500<br>(ആകെ ചെലവഴിച്ച 5264795/- രൂപയിൽ 4609592 /- രൂപയുടെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്) |

മേൽ പ്രൊജക്റ്റ് പ്രകാരം ന്യൂട്രിമിക്സ്, ന്യൂട്രി മാം, ഗ്രാവി പ്രോ എന്നിവ വാങ്ങുന്നതിന് ചെലവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തുക | ഇനം | ഇൻവോയ്സ് | അപാകത |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഹെൽത്തി &സ്വാദിശ് ന്യൂട്രിമിക്സ് കാളികാവ് | 284840 | ന്യൂട്രിമിക്സ് | 22/30.05.23/ 243090/3295 Kg | - |
| | | | ന്യൂട്രി മാം | 15/18.05.23 /41750/167kg | |
| 2 | ഹെൽത്തി &സ്വാദിശ് ന്യൂട്രിമിക്സ് കാളികാവ് | 276340 | ന്യൂട്രിമിക്സ് | 14/18.05.23/3285 Kg/243090രൂപ | 1. രജിസ്റ്റർ പ്രകാരം ഓാ( അംഗനവാടിക്കും വിതരണം ചെയ്ത കൂട്ടുമ്പോൾ 3385 കിലേ ഉണ്ട്. എന്നാൽ ആ വിതരണം 3285 കിലേ എന്നാണ് ചേർത്തിട്ടുള്ളത് |
| | ബിസ്മി ന്യൂട്രിമിക്സ് | | ഗ്രാവി പ്രോ | 6/15.05.2023/133 Kg/33250 രൂപ | |
| 3 | ഹെൽത്തി &സ്വാദിശ് ന്യൂട്രിമിക്സ് കാളികാവ് | 378018 | ന്യൂട്രിമിക്സ് | 26/28.06.23/3882 Kg/287268 രൂപ | 1. 90750 രൂപയുടെ ഇൻവോ ഹാജരാക്കിയിട്ടില്ല. 2.രജിസ്റ്റർ പ്രകാ( വിതരണം ചെയ്തത് ആ കൂട്ടുമ്പോൾ3943 കിലോ എന്നാൽ ആകെ വിതരണ 3882 കിലോ എന്നാ ചേർത്തിട്ടുള്ളത്. |
| 4 | മാവേലി | 53548 | ബിരിയാണി അരി | 22367/28.02.2023 22283/27.10.2022 | 1. 22-23 ലെ ഇൻവോയ്സ് ആ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ 22-23 ൽ ഇ ഇൻവോയ്സ് പ്രകാരം തു അനുവദിച്ചിട്ടുണ്ടോ എന്ന ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
